# ഈറനണിയിച്ച അനുഭവം

അടിമാലി ഗ്രാമപഞ്ചായത്ത് ശ്രേയസ്സ് അയൽക്കൂട്ടത്തിലെ അംഗമാണ്. എന്റെ അയൽക്കൂട്ട പ്രവേശനത്തിന് ശേഷം എനിക്ക് സമൂഹത്തിന് ഏറെ നന്മയുള്ള കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഞാൻ സമൂഹത്തിനായി നൽകിയിട്ടുള്ള കാര്യങ്ങൾ ഈ പേപ്പർ താലിലൂടെ എഴുതിയാൽ തീരാത്തവയാണ്. എങ്കിലും എന്റെ മനസ്സിനെ ഈറനണിയിച്ച ഒരു അനുഭവം മാത്രം ഞാൻ അറിയിക്കട്ടെ.

കുടുംബശ്രീയുടെ ഏറ്റവും ബ്രഹത്തായ ഒരു പ്രോജക്ടാണ് ആശ്രയ. ആശ്രയ കുടുംബങ്ങളിൽ റീവിസിറ്റ് ചെയ്യുന്നതിനായി അവസരം എനിക്ക് ലഭിച്ചു. അങ്ങനെ ഒരു ആശ്രയ അംഗത്തിന്റെ ഭവനം സന്ദർശിച്ചപ്പോൾ മനസ്സിനെ ഈറനണിയിച്ച് ഒരു കാര്യം ഹരി 38 വയസ്സ് പ്രായമായ ഒരു വ്യക്തിയാണ്. 85 വയസ്സായ അമ്മയുടെ കൂടെയാണ് താമസ്സം. അദ്ദേഹം ഒരു വിഷാദ രോഗിയാണ്. സ്ത്രീകളെ കണ്ടാൽ ഉപദ്രവിക്കുന്ന സ്വാഭാവമുണ്ടെന്ന്. അയൽവാസിക്ൾ പറഞ്ഞറിഞ്ഞ് ആ വീട്ടിൽ കയറിചെന്നു. ഹരി മാത്രമാണ് അവിടെ ഉണ്ടായിരുന്നുള്ളു. അമ്മയെവിടെ എന്ന് അന്വേഷിച്ചപ്പോൾ അറിയില്ലന്നയിരുന്നു മറുപടി.. ഞാൻ അദ്ദേഹത്തെ കാണുമ്പോൾ കട്ടിലിന്റെ നാലുകാലും പറിച്ചുകളഞ്ഞ്, കട്ടിലിന്റെ കയർ ഇറുത്തുകളഞ്ഞ്, കീറിയ പായും തലയണയും തൂങ്ങിക്കിടന്ന് തലയിണയുടെ പഞ്ഞിയെല്ലാം പുറത്തുചാടി കീറിയ ഒരു തുണിക്കഷണം കയ്യിലുമായി മലമൂത്രവിസർജ്ജനം ചെയ്ത് നാറിയ അവസ്ഥയിലാണ് കണ്ടത്. അദ്ദേഹത്തിന്റെ ആ അവസ്ഥ എനിക്ക് കണ്ടുനിൽക്കാനുള്ള ത്രാണിയില്ലാതെ എന്റെ കണ്ണിൽ നിന്ന് ഞാനറിയാതെ കണ്ണീർ പൊഴിഞ്ഞു. ഇങ്ങനെ നിൽക്കുന്ന സമയത്താണ് അദ്ദേഹത്തിന്റെ അമ്മ കടയിൽ നിന്ന് അരിയും സാധനങ്ങളുമായി വന്നത്. അമ്മയോട് വീടിനേക്കുറിച്ചും അവസ്ഥയെക്കുറിച്ചും ചോദിച്ച് മനസ്സിലാക്കി. ആ അമ്മയ്ക്ക് സന്തോഷമായി. ആ അമ്മ അവരുടെ മനസ് തുറന്ന് സംസാരിച്ചു. എന്റെ മകന്റെ ദൈനംദിന കാര്യങ്ങൾ ചെയ്യാൻ പ്രായം അനുവദിക്കുന്നില്ല. എന്റെ മകൻ കുഴിച്ചിട്ട് പല്ല്തേച്ചിട്ട്, മുഖംകഴുകിയിട്ട്, മുടിമുറിച്ചിട്ട്, ഇട്ടിരിക്കുന്ന വസ്ത്രം നനച്ചിട്ട് എട്ട് മാസം കഴിഞ്ഞിരിക്കുന്നു.

എട്ട് മാസങ്ങൾക്ക് മുൻമ്പ് ഈ മകനെ നാട്ടുകാർ ചേർന്ന് ഒരനാഥമന്ദിരത്തിൽ കൊണ്ടുപോയിരുന്നു. എന്നാൽ അവിടെ മാസംതോറും

ഭക്ഷണത്തിനുള്ള പണം അടയ്ക്കണം ഇത് അടയ്ക്കാതെ വന്നപ്പോൾ ഇവർ തിരിച്ച് കൊണ്ടുവരാൻ ആവശ്യപ്പെട്ടുവെന്നാണ് അറിയാൽ സാധിച്ചത്. ഈ മകനെക്കൂടാതെ മൂത്ത മറ്റൊരു മകൻ വീടിന്റെ 100 മീറ്റർ അകലെ താമസിക്കുന്നു എന്നതും ഈ അമ്മയിൽ നിന്നും മനസ്സിലായി. ആ മൂത്തമകന്റെ വീട്ടിലെത്തി അനുജനെ സംരക്ഷിക്കാത്തതിന്റെ കാരണം അന്വേഷിച്ചു. എന്റെ അനുജനോട് എനിക്കില്ലാത്ത വിഷമം നിങ്ങൾക്കെന്തിനാണ് എന്ന് ചോദ്യവും ദേഷ്യവുമായിരുന്നു ചേട്ടന്. ഞാൻ വന്നതിന്റെ ഉദ്ദേശ്യലക്ഷ്യം ഞാൻ അദ്ദേഹത്തോട് പറഞ്ഞതും അദ്ദേഹത്തിന് എന്നോട് ദേഷ്യം ഇരട്ടച്ചു. ഞാൻ അദ്ദേഹത്തേട് ആവശ്യപ്പെട്ടു സഹോദരനെ കുളിപ്പിക്കണം, മുടിയും താടിയും വെട്ടണം.......... വീണ്ടും അദ്ദേഹം എന്നോട് ദേഷ്യപ്പെട്ടു. അപ്പോൾ അവരുടെ മുറ്റത്തുനിന്ന് പഞ്ചായത്ത് പ്രസിഡന്റിനേയും മെമ്പർ സെക്രട്ടറിയേയും വിളിച്ച് ഹരിയുടെ സാഹചര്യം പറഞ്ഞു. ശേഷം ഞാൻ ഹരിയുടെ ചേട്ടനോട് പറഞ്ഞു പത്ര ദൃശ്യമാധ്യമങ്ങളെ വിവരം അറിയിക്കാൻ പോകുന്നു. ജ്യേഷ്ഠനായ നിങ്ങൾ അനുജനേയും അമ്മയേയും സംരക്ഷിക്കുന്നില്ല. വീട്ടുതടങ്കല്ലിൽ പാർപ്പിച്ചിരിക്കുന്നു എന്ന് പറഞ്ഞ് മുറിവേറ്റ മനസ്സുമായി അവരുടെ വീട്ടൽ നിന്നു ഇറങ്ങി ഹരിയുടെ അവസ്ഥകണ്ട് തളർന്ന മനസ്സോടെ വീട്ടിലേക്ക് മടങ്ങി.

വീട്ടലെത്തി രാത്രി 7 മണിയായപ്പോൾ ഒരു ഫോൺകോൾ മോളെ നിനക്ക് പുണ്യം കിട്ടും. ഞാൻ കാര്യം തിരക്കിയപ്പോൾ ഹരിയുടെ അയൽവാസിയാണ് വിളിച്ചത്. ഹരിയുടെ വീടിന്റെ 2 കിലോമീറ്റർ അകലെ ഒരു നക്ഷത്രം ഉണ്ട്. ഈ ക്ഷേത്രത്തിൽ നിന്ന് ഹരി മൈക്കിലൂടെ അയ്യപ്പസ്വാമിയെ സ്തുതിച്ചു കൊണ്ട് കീർത്തനം ആലപിക്കുന്നു. ഹരി പി.ഡി.സി വരെ പഠിച്ചതാണ്. കലാപരമായി നല്ല കഴിവുണ്ട. ഊർജ്ജസ്വലനായ ചെറുപ്പക്കാരൻ. ഹരിയുടെ ചേട്ടൻ വീട്ടൽചെന്ന് മുടിയും താടിയും വെട്ടി കുളിപ്പിച്ച് നല്ല വസ്ത്രം ധരിപ്പിച്ച് ക്ഷേത്രത്തിൽ കൊണ്ടുപോയി. ഇപ്പോൾ ഹരിയുടെ അമ്മ മരണപ്പെട്ടു. ഹരിയെ ജേഷ്ഠനും കുടുംബവും നന്നായി ശ്രദ്ധിക്കുന്നു. ഇന്ന് ഹരി സന്തേഷവാനാണ്. ഹരിയുടെ ഈ സന്തോഷത്തിൽ പങ്കുചേരാൻ സാധിച്ചതിൽ ഞാനും സന്തോഷിക്കുന്നു.

ഓമന ശിവൻ
ശ്രേയസ് കുടുംബശ്രീ
(അടിമാലി ഗ്രാമപഞ്ചായത്ത്)

# ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്

വീട്ടുജോലികൾ തീർത്ത് വീടിനകത്ത് ഒതുങ്ങിക്കൂടുന്ന സ്വഭാവമായിരുന്നു എനിക്ക്. തനിച്ച് ഒരിടംവരെ പോകുവാനോ ഒരു സാധനം വാങ്ങുവാനോ ധൈര്യം ഇല്ല. രണ്ടു നേരം ഭക്ഷണം കഴിക്കാനോ വാടകകൊടുക്കാനോ നല്ലൊരു വസ്ത്രം ധരിക്കാനോ മറ്റുള്ള തുക അപര്യാപ്തമാണ്. ഉൾപ്രദേശത്ത് ജനിച്ച് വളർന്നത് കൊണ്ട് അധികം കൂട്ടുകാരില്ല, പുറം ലോകവുമായി യാതൊരു ബന്ധവുമില്ല. കരണ്ട് ഇല്ലാത്തതിനാൽ സിനിമയോ വാർത്തയോ ഒന്നും കണ്ടിരുന്നല്ല. 10-ാം ക്ലാസ്സ് പഠിച്ചിരുന്നെങ്കിലും എഴുത്തും വായനയും കുറവായതിനാൽ അതിനും പ്രയാസമായി. കുടുംബത്തുപോലും ഒരു അഭിപ്രായം പറയുന്നതിനോ തീരുമാനം എടുക്കുന്നതിനോ സ്വാതന്ത്ര്യം ഇല്ല. അഥവാ ഒരു തീരുമാനം എടുത്ത് എന്തെങ്കിലും ചെയ്താൽ അത് മണ്ടത്തരമായിപോകുമോ എന്ന തോന്നൽ, അതുകൊണ്ടുതന്നെ ഒതുങ്ങി ജീവിച്ചിരുന്ന കാലത്ത് പെട്ടന്നൊരു ദിവസം അയൽസിയായ വത്സചേച്ചി എന്റെ വീട്ടിൽ വന്നു. അയൽക്കൂട്ടം രൂപീകരിക്കണമെന്നും അതിന്റെ ആവശ്യകതയെക്കുറിച്ചുമൊക്കെ പറഞ്ഞു. ആത്യമൊന്നും താത്പര്യം തോന്നിയില്ല.

ഒരു മാസം കഴിഞ്ഞ് അയൽവാസിയായ 15 പേർ ചേർന്ന് കൂടുകയാണ് എല്ലാവരു വരണമെന്ന് അറിയിച്ചു. വി.ഇ.ഒ വന്ന് ക്ലാസ്സ് എടുത്തു. സംഘം രൂപീകരിക്കാൻ തീരുമാനിച്ചു. ഗ്രൂപ്പിന്ന സെക്രട്ടറിയേയും പ്രസിഡന്റിനേയും തെരഞ്ഞെടുക്കണമെന്ന് പറഞ്ഞു. അക്കൂട്ടത്തിൽ ആരോ സെക്രട്ടറിസ്ഥാനത്തേക്ക് എന്റെ പേര് നിർദ്ദേശിച്ചു. പെട്ടന്ന് ഇരുട്ടടി പോലൊരു മറുപടി ഉയർന്നു വീടും സ്ഥലവും ഇല്ലാത്തവരെ സെക്രട്ടറിയാക്കിയാൽ നമ്മുടെ പൈസക്ക് എന്ത് ഉത്തരവാദിത്വമുണ്ട് എന്ന്, കേട്ടതും എനിക്ക് കരച്ചിൽ വന്നു. എങ്കിലും ആരേയും അറിയിക്കാതെ ഞാൻ സെക്രട്ടറിയാകില്ല. എനിക്ക് ഒന്നും അറിയില്ല, എന്നു പറഞ്ഞു. വീട്ടിൽ വരുമ്പോഴെല്ലാം എന്റെ മനസ്സിൽ ചേച്ചിപറഞ്ഞ വാക്കുകൾ എന്നെ അലട്ടുന്നുണ്ടായിരുന്നു. ഞാൻ ആ ഷോക്കിൽ നിന്ന് മുക്തി നേടാൻ ദിവസങ്ങൾ വേണ്ടിവന്നു. ഒരുവർഷം സംഘത്തിൽ അംഗമായിതുടർന്നു. അപ്പോഴേക്കും ചെറിയൊരു മൺകട്ടയ്ക്ക് പണിതവീടും സ്ഥലവും വാങ്ങാൻ സാധിച്ചിരുന്നു.

എല്ലാവരുടെയും പൂർണ്ണ സമ്മതത്തോടെ 2002-ൽ സംഘത്തിന്റെ സെക്രട്ടറിയായി. പിന്നീട് എ.ഡി.എസ്സ് പ്രസിഡന്റായും, സി.ഡി.എസ്സ് വൈസ്സ് പ്രസിഡന്റായും, സി.ഡി.എസ്സ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനം കൊണ്ട് ക്യാഷ് നൽകിയാൽ കിട്ടാത്ത് അംഗീകാരം ലഭിക്കുന്നു. എനിക്ക് അഭിപ്രായം പറയാൻ സ്വാതന്ത്ര്യം ഇല്ലാത്ത് ആ ഘട്ടങ്ങൾ എല്ലാം മാറി വീട്ടിൽ എന്ത് കാര്യത്തിനും എന്നോട് ആലോചിക്കാൻ തുടങ്ങി. തനിച്ച് എവിടെ പോകാനും പേടി ഇല്ലാതായി. ആദ്യം നമ്മൾ നമ്മളെ മനസ്സിലാക്കണം എന്ന് ബോധ്യപ്പെട്ടു. പുറത്തിറങ്ങി പലരുമായി ഇടപെടുമ്പോൾ അവരുടെ സംസാരം ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ നല്ലത് ഉൾക്കൊള്ളാനും മോശമായത് തട്ടിക്കളയുന്നതിനും സാധിക്കുന്നു. എഴുത്തും വായനയും നിരന്തരമായി ചെയ്യുന്നതിനാൽ അത് കൂടുതൽ ഫലപ്രദമായി. ഓണചന്ത, ക്രിസ്തുമസ് ചന്ത, വിഷുചന്ത എന്നിവ പലപ്രാവശ്.ം നടത്തി നമ്മുടെ ജീവിതത്തിൽ വരുമാന പ്രവർത്തനങ്ങൾ തനിച്ചു കൂട്ടായും ചെയ്യുവാൻ പ്രാപ്തയായി. കുടുംബശ്രീ പങ്കെടുപ്പിക്കുന്ന പല ട്രെനിംഗുകളിലും പങ്കെടുക്കുവാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.. വളരെയേറെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിലൂടെ സ്വന്തം ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും ഒരുപാട് മാറ്റങ്ങൾ വരുത്തുവാനും സാദിച്ചു. നല്ല ആത്മധൈര്യത്തോടെ പുറത്തിറങ്ങി നടക്കുന്നതിനും നല്ല വസ്ത്രം ധരിക്കുന്നതിനും നന്നായി പെരുമാറുന്നതിനും സാധിച്ചു. കമ്പ്യൂട്ടർ കണ്ടിട്ടില്ലാത്ത എനിക്ക് കുടുംബശ്രീയിൽ വന്നതിന് ശേഷം കമ്പ്യൂട്ടർ വിദ്യാഭ്യാസം ലഭിച്ചു. പഠനം തുടരാൻ ആഗ്രഹിക്കുന്നു.

സംഘം തുടങ്ങിയപ്പോൾ ഇടവഴിയിലൂടെ പാസ്ബുക്ക് ഒളിപ്പിച്ച് പിടിച്ചുപോയ കാലഘട്ടത്തെ മാറ്റിക്കളഞ്ഞ് ഞങ്ങൾ കുടുംബശ്രീ മീറ്റിംഗ് കൂടുവാൻ പോകുന്നു എന്ന് പറഞ്ഞ് നേർവഴിക്ക് പോകുവാനുള്ള ധൈര്യം ഇന്ന് ഞങ്ങൾക്കുണ്ട്.

ഞങ്ങളുടെ സുഖത്തിലും ദുഃഖത്തിലും ആരൊക്കെയോ ഉണ്ടെന്നുള്ള തോന്നൽ ഇപ്പോൾ ഞങ്ങൾക്കുണ്ട്. കുടുംബശ്രീയെക്കുറിച്ച് അഭിമാനത്തോടെ എവിടെയും എടുത്തുപറയാൻ സാധിക്കും. ഇനിയും കുടുംബശ്രീക്ക് വർഷങ്ങളോളം നിലനിൽക്കുകയും അനേകായിരങ്ങളുടെ ജീവനായി പ്രവർത്തിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

ആമിന അലി

സി.ഡി.എസ് മെമ്പർ (അടിമാലി ഗ്രാമപഞ്ചായത്ത്)

# ജീവിതയാത്ര

എന്റെ പേര് സോണിയ. അനശ്വര അയൽക്കൂട്ടത്തിലെ അംഗമാണ്. അയൽക്കാർ തമ്മിൽ ഒത്തുകൂടുവാനും പരസ്പരം ആശയവിനിമയം നടത്തുവാനും എല്ലാവരേയും അറിയുവാനും മറ്റുള്ളവുടെ വിഷമങ്ങൾ മനസ്സിലാക്കി സാമ്പത്തികമായോ സാമൂഹികമായ വികസനത്തിനായോ എന്തു സഹായം ചെയ്യുവാനും പറ്റുന്ന രീതിയിലാണ് എന്റെ മനസ്. ഇന്നു ഞാൻ മാറിയിരിക്കുന്നത്. ഒരു കുടുംബത്തിൽ ഒതുങ്ങിക്കുടി ജീവിച്ചിരുന്ന ഞാൻ ഇന്നു നാലുപേരുടെ മുമ്പിൽ മടിക്കൂടാതെ സംസാരിക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ കയ്യിൽ വന്നു പോകുന്ന ചെറിയ സമ്പാദ്യങ്ങൾ സ്വരൂപിച്ച് നല്ല ഒരു നിക്ഷേപമാക്കുവാനും സാധിച്ചിട്ടുണ്ട്. എന്റെ വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ സംഘംവഴി എടുത്ത് ലാഭം ഉണ്ടാക്കുകയും ചെയതു. സംഘത്തിലെ പല ആവശ്യങ്ങൾക്കായി ബാങ്കുകളിൽ പോവാനും അവിടെ ചെന്ന് കാര്യങ്ങൾ സാധിക്കുവാനും പുറത്തിറങ്ങി പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്..

സോണിയ
അനശ്വര കുടുംബശ്രീ
(മാങ്കുളം ഗ്രാമപഞ്ചായത്ത)

# എന്റെ സംഘവും ഞാനും

ഞാൻ ഒരു സാധാരണ കുടുംബത്തിൽ വളർന്നു. ഞാൻ ജനിച്ചു വളർന്നത് നാട്ടിൻ പറത്ത് പനമറ്റം എന്ന സ്ഥലത്തായിരുന്നു. ഇന്ന് എനിക്ക് 68 വയസായി. അറുപത്തയെട്ടു വർഷം മുമ്പ് അന്നത്തെ കാലവും ഇന്നത്തെ കാലവും തമ്മിൽ ഒരുപാട് വ്യത്യാസങ്ങൾ ഉണ്ട്. മാവേലി ജീവിച്ചിരുന്ന കാലത്തെപ്പറ്റി കേട്ടിട്ടില്ലെ?. അതുപോലെയായിരുന്നു അന്നത്തെക്കാലം. മാറ്റമൊന്നുമില്ല, ജനപ്പെരുപ്പമില്ല.. ആയതിനാൽ ഇരുപത്തയഞ്ചും മുപ്പതും ഏക്കറ് സ്ഥലമില്ലാത്ത ഒരു കുടുംബമില്ല. ഇന്നത്തെപ്പോലെ പച്ചക്കറി വാങ്ങാൻ കടയ്ക്കുപോകണ്ട, അരിവാങ്ങൾ പോകണ്ട, എല്ലാം പുരയ്ക്കകത്തുണ്ട്. എല്ലാം പറമ്പിൽ നിന്ന് കിട്ടുന്നതാണ്. സ്ത്രീകൾ വീട് വിട്ട് ആകെ പോകുന്നത് അമ്പലത്തിൽ വരെ. ആ സാഹചര്യത്തിൽ വളർന്നവളാണ് ഞാൻ.

അതിനുശേഷം കാലം മാറുന്നതിന് അനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടയിരുന്നു. അന്നു പെൺപിള്ളേരെ സ്കൂളിൽ പോലും വിടില്ലായിരുന്നു. എനിക്കും കൂടുതലൊന്നും പഠിക്കാൻ സാധിച്ചില്ല. എട്ടാം ക്ലാസ്സ് ജയിച്ചു. പിന്നെ വിട്ടില്ല. അന്നത്തെ വിവാഹപ്രായം പതിനാറ് വയസ്സായിരുന്നു. പതിനാറ് വയസുകഴിഞ്ഞാൽ വീട്ടിൽ നിർത്തില്ല. വിവാഹം കഴിച്ചു വിടും അതാണ് അന്നത്തെ രീതി. ഇരുപത്തിരണ്ടാം വയസ്സിൽ എനിക്കും വീടുവിട്ടു പോരേണ്ടി വന്നു. ജീവിത സാഹചര്യങ്ങൾ മാറി. എൽക്കുന്ന് എന്ന സ്ഥലത്ത് വന്നു. വീട്ടിലെ സൗകര്യങ്ങൾ ഒന്നും ഇവിടില്ലായിരുന്നു. സ്ത്രീകൾ എന്നു പറഞ്ഞാൽ എന്തിനേയും എന്തിനേയും തരണം ചെയ്യാൻ തയ്യാറുള്ളവളാണ്. എങ്കിൽ മാത്രമേ നമ്മുടെ ജീവിതം മുന്നോട്ടു പോകു. നമ്മുടെ വീട്ടലെ സുഖം മറ്റൊരു വീട്ടിൽ കിട്ടണമെന്നില്ലല്ലോ?.

അഞ്ചുമക്കൾ, ഒരാളെ വിവാഹം കഴിച്ചുവിട്ടു. നാലാൺമക്കൾ വിവാഹം കഴിച്ചു. അഞ്ചുപേർക്കും ഓരോ കുഞ്ഞുങ്ങൾ, മക്കൾ നാലുപേരും ഓരോ തൊഴിലിൽ ഏർപ്പെട്ടു. ഇങ്ങനെ ജീവിച്ചു പോരുമ്പോൾ ഒരു ദിവസം അവിചാരിതമായി നമ്മുടെ ജിജി എൽദോസിനെ കാണാനിടയായി. ജിജിയെ ഞാൻ ചെറുപ്പം മുതലേ അറിയും. ആ പരിചയത്തിൽ ഢങ്ങൾ സംസാരിച്ചുകൊണ്ടുനിൽക്കെ ജിജി അയൽക്കൂട്ടത്തെപറ്റി പറയുകയും കേട്ടപ്പോൾ നല്ല കാര്യമായി എനിക്കു തോന്നുകയും ചെയ്തു. എന്തെന്നാൽ

ഞാൻ ആലോചിച്ചപ്പോൾ പത്തു രൂപ പോലും വീട്ടിൽ സൂക്ഷിച്ചു വയ്ക്കാൻ സാധിക്കില്ല. എന്തിനെങ്കിലും എടുക്കും. ഞാൻ മറ്റു പലരോടും ആലോചിച്ചു.

ശ്രീമതി.ജിജി വിടുവീടാന്തരം കയറിയിറങ്ങി ചെറിയചെറിയ ക്ലാസ്സുകൾ എടുത്ത് എന്നപ്പോലെ എല്ലാവരെയും പറഞ്ഞു മനസ്സിലാക്കി.. പത്തു പതിനഞ്ചും പേർകൂടി ഓരോ അയൽക്കൂട്ടം രൂപീകരിച്ച് ഓരോ പേരും ഇട്ടു. അങ്ങനെ ഇപ്പോൾ അയൽകൂട്ടത്തിൽ ചേരാത്ത ആളുകൾ കുറവാണ്. ഒരു കുടുംബത്തിൽ നിന്നും തന്നെ മൂന്നും നാലും പേരുണ്ട് അയൽക്കൂട്ടത്തിൽ. ആദ്യം ഞങ്ങൾ പതിനാലുപേരായിരുന്നു. അതിൽ രണ്ടുപേരെ സെക്രട്ടറി, പ്രസിഡന്റ് എന്നിങ്ങനെ തെരഞ്ഞെടുത്ത് ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു. ഓരോ ആഴ്ചയും നിക്ഷേപിക്കുന്ന തുക മുതുവാൻകുടി ബാങ്കിൽ നിക്ഷേപിക്കും പിന്നീട് അത്യാവശ്യക്കാർക്ക് രണ്ടുരൂപ പലിശനിരക്കിൽ കൊടുക്കും. കൃത്യമായി മുതലും പലിശയും മൂന്ന് മാസത്തിനുള്ളിൽ തിരിച്ചടയ്ക്കും. ഞങ്ങൾ ഓരോ ആഴ്ചയിൽ ഓരോ വീട്ടിൽ സംഘം കൂടും . വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരും എല്ലാവരും സംഘത്തിലുണ്ട്. സ്വയം സഹായസെംഘമെന്നും സമഖ്യയെന്നും പറഞ്ഞിരുന്നു. നിക്ഷേപം വർദ്ധിച്ചതോടെ പലിശനിരക്ക് ഒരു രൂപയായി കുറച്ചു.

ഞങ്ങളുടെ അയൽക്കൂട്ടത്തിന് ഐശ്വര്യ എന്നു പേരിട്ടു. ഞങ്ങൾ എല്ലാ മതത്തിൽപെട്ടവരുമുണ്ട്. ഞങ്ങൾക്ക് ജാതിമതഭേതമില്ല. വലിപ്പചെറുപ്പങ്ങളില്ല. എല്ലാവരും തുല്യർ. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഞങ്ങൾ മുമ്പോട്ടു പോകുന്നു. സംഘത്തിൽ നിന്നുള്ള അനുഭവങ്ങൾ എന്നു പറഞ്ഞാൽ പതിനാലു പേരുകൂടി തുടങ്ങി ഇപ്പോൾ ഞങ്ങൾ പത്തൊൻമ്പതുപേരുണ്ട്. ഇവരിൽ ആരുടെ വീട്ടിൽ എന്താവശ്യമുണ്ടെങ്കിലും ചെന്ന് സഹകരിക്കുകയും എല്ലാ വിധ സഹായങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യും. മരണം, കല്യാണം, അസുഖം, കയറിതാമസം എന്നിങ്ങനെ ഏത് ചടങ്ങിനും സഹകരിക്കും.

ഐശ്വര്യ സംഘം തുടങ്ങിയത് 20/08/2000 ത്തിലാണ്. ഇപ്പോൾ പതിനൊന്ന് വർഷമാകുന്നു. ഓരോ പത്തുരൂപയും വളർന്ന് അപ്പോൾ ഒരാളുടെ സമ്പാദ്യം 12000/- രൂപയായിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ ഇതൊരു വലിയ നേട്ടം തന്നെ എന്നു പറയാം. എപ്പോൾ ഏതാവശ്യം വന്നാലും സംഘത്തിൽ നിന്നും നമ്മൾ സാധിക്കുന്നു. ഇതിനു പുറമേ വലിയ ആവശ്യങ്ങൾക്ക് സംഘത്തിലുള്ളവർക്ക് ബാങ്കിൽ നിന്നും ലിങ്കേജ് ലോൺ എടുക്കാം. വസ്തു ഈടോ ആൾ ജാമ്യമോ വേണ്ട. സംഘത്തിലുള്ള

എല്ലാവരുടെയും പേരിൽ ജാമ്യത്തിൽ ലോൺ കിട്ടും. ഇതെല്ലാം സംഘം കൊണ്ടുള്ള നേട്ടങ്ങളാണല്ലോ?

ഈ അയൽക്കൂട്ടത്തെ സമഖ്യ എന്ന പേരിലായിരുന്നു ആദ്യം രൂപീകരിച്ചത്. പിന്നീട് എല്ലാ സംഘങ്ങളും രജിസ്റ്റർ ചെയ്തു. ഇപ്പോൾ കുടുംബശ്രീ അയൽക്കൂട്ടമായി. ഇപ്പോൾ കപ്പ, ഇഞ്ചി, വാഴ, പച്ചക്കറി കൃഷി ഇതിനെല്ലാം ആനുകൂല്യങ്ങൾ കിട്ടുന്നു. പഞ്ചായത്തിലെ തൊഴിലുറപ്പ് പണി എല്ലാവർക്കും ഉപകാരപ്രദമായി തീർന്നിരിക്കുന്നു. എന്നു വേണ്ട എല്ലാ പ്രകാരത്തിലും കുടുംബശ്രീ നല്ലതുതന്നെ. ജാതിമതഭേതമന്യേ എല്ലാ വിശേഷങ്ങളും അഘോഷിക്കാറുണ്ട്. ഓണസദ്യ മറക്കാനാവാത്ത് ഒന്നാണ്. എല്ലാ വർഷവും ഓണം ആഘോഷിക്കും. വിഷു, ക്രിസ്തുമസ്സ് എല്ലാം..............

എന്റെ ഒപ്പമുള്ള പതിനെട്ടുപേരും ചേർന്ന് തീരുമാനമെടുത്ത് എന്റെ അനുപതാം പിറനാൾ ആഘോഷിച്ചു. എല്ലാവരുടെയും ഫോട്ടോ എടുക്കുകയും കേക്ക് മുറിക്കുകയും സംഘത്തിലെ ഒരു വ്യക്തി സ്വന്തം ചിലവിൽ ഡ്രസ്സ് വാങ്ങി തരുകയും ചെയ്തു. ഇങ്ങനെ നല്ല അനുഭവങ്ങൾ മാത്രമേ സംഘത്തിൽ നിന്നും കിട്ടിയിട്ടുള്ളു. കുടുംബശ്രീ വഴി സ്ത്രീകൾ ഒത്തൊരുമയുള്ളവരായിരിക്കുന്നു. എല്ലാ പ്രകാരത്തിലും കുടുംബശ്രീ ജനങ്ങൾക്ക് ഉപകാരപ്രദമായ ഒന്നാണ് എന്നാണെന്റെ അഭിപ്രായം. അഥവാ ഒരാഴ്ചയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാലും പിറ്റെ ആഴ്ച എല്ലാം മറന്ന് സഹോദരങ്ങളെപ്പോലെ തുടരും. ഇതാണ് ഐശ്വര്യാ സംഘത്തിന്റെ നിലനിൽപ്പിനു കാരണം.

(ഒത്തൊരുമ)

എന്ന്,

ഭാഗ്യലീലാമ്മ ജനാർദ്ധനൻ,
ശ്രീകൃഷ്ണ വിലാസം
(വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്)

# കുടുംബശ്രീയിൽ നിന്നും ജീവിതത്തിലേക്ക് തിരിഞ്ഞുനോട്ടം

വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ താമസിക്കുന്ന ഞാൻ എന്റെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുകയാണെങ്കിൽ ഒരു അയൽക്കൂട്ടം എന്താണ് ഇതിൽ എന്ത് ചെയ്യണം ചെയ്യുന്നു എന്നറിയാൻ പറ്റാത്ത കാലത്ത് ഞങ്ങളുടെ വാർഡ് മെമ്പർ കുറെ സ്ത്രീകളെ വിളിച്ച് ഒരു അയൽക്കൂട്ടം രൂപീകരിക്കുന്ന കാര്യം പറഞ്ഞു. ഇതിൽ എത്തിയ സ്ത്രീകൾ സമ്മതിച്ച് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും മെമ്പറിന്റെ സഹായത്തോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നല്ലരീതിയിൽ വരികയും ചെയ്തത്.

ഈ സമയത്ത് ഞാൻ വളരെ വിഷമത്തിൽ കഴിയുന്ന സമയത്ത് എന്റെ വീട്ടിൽ കുടുംബശ്രീ അംഗങ്ങൾ കടന്നവരികയും എന്റെ വീടിന്റെ സാഹചര്യം മനസ്സിലാക്കി എന്നെ കുടുംബശ്രീ വഴിആശ്രയായിൽ ഉൾപ്പെടുത്താമെന്നും പറഞ്ഞ് എന്റെ ഭവനത്തിൽ വന്നു.

ഞാൻ ഹൃദയവാൽവിന്റെ രോഗത്തിൽ വളരെ വിഷമങ്ങൾ അനുഭവിക്കുന്ന സമയത്ത് എല്ലാ ദിവസവും ചികിത്സയും മരുന്നും വാങ്ങാൻ കഴിയാതെ ഇരിക്കുകയായിരുന്നു. എന്റെ ഭർത്താവ് മണ്ണിൽ പണിചെയ്യുന്നതിനും ശാരീരികമായി വിഷമത്തിൽ ഇരിക്കുന്ന സമയമായിരുന്നു. ഞങ്ങൾക്ക് മൂന്ന് പെൺകുട്ടികൾ ഉണ്ടായിരുന്നു. അവർ പത്ത്, ഏഴ്, അഞ്ചാ ക്ലാസ്സുകളിൽ പഠിക്കുകയായിരുന്നു. ഞങ്ങൾക്ക് കയറികിടക്കാൻ വീടില്ലാത്ത സമയത്ത് ഒരു ഷെഡ് കെട്ടി കുടുംബമായി കഴിഞ്ഞു. ഒരു വീട് ഞങ്ങൾക്ക് വലിയ സ്വപാനമായിരുന്നു. അന്നത്തെ ഞങ്ങളുടെ സി.ഡി.എസ്സ് മെമ്പറും സംഘ അംഗങ്ങളും ചേർന്ന് ഞങ്ങൾക്ക് ഞങ്ങൾക്ക് ഒരു വീട് അനുവദിച്ചു. ഈ സമയത്ത് ഞാൻ ആന്ധ്രയിൽ ചികിത്സയ്ക്ക് പോവുകയും അവിടെ നിന്ന് ബാഗ്ലൂർ സായിബാബ ആശുപത്രിയിൽ ചെക്കപ്പിനായി പോയിരുന്ന സമയത്ത് ആരും സഹായമില്ലാതെ വിഷമിച്ച് നിൽക്കുമ്പോൾ കുടുംബശ്രീയിൽ നിന്നും അഗതി പുനഃരധിവാസ പദ്ധതിയിൽ നിന്നും വീട് അനുവദിച്ച് തരുകയും കോട്ടയം മെദിക്കൽ കോളേജിൽ ഓപ്പറേഷൻ നടത്തുന്നതിനും തീയതി തിരുമാനിച്ച് വരുന്നതിന് മുമ്പ് എന്റെ വീടിന്റെ പണി തുടങ്ങി അത് പൂർത്തിയാക്കുകയും ചെയ്തു.

ഞങ്ങളുടെ ഭവനത്തിൽ ആവശ്യമായ സാമ്പത്തിക സഹായവും ദാരിദ്ര നിർമാർജ്ജനത്തിലൂടെ എ.എ.വൈയിൽ ഉൾപ്പെടുത്തുകയും ചെയ്ത് മുമ്പോട്ട് ഞങ്ങളുടെ ഭവനത്തിൽ കുട്ടികളുടെയും ഞങ്ങളുടെയും നിത്യാവശ്യങ്ങളുടെ കാര്യങ്ങൾ നടത്തുന്നതിന് സാമ്പത്തികപുരോഗതിക്കായി ഒരു പശുവിനെ വാങ്ങിതന്നു. ഇതിനെ വളർത്തി വീട്ടാവശ്യത്തിന് പാൽ എടുക്കുന്നതിനും അത് വിറ്റ് കിട്ടുന്ന കാശ് കുട്ടികളുടെ പഠന ആവശ്യത്തിന് ഉപയോഗിക്കുന്നതിനും കഴിഞ്ഞു. ഇപ്പോൾ എന്റെ മൂത്ത മകൾ പ്ലസ് വൺ. ഈ ക്രമത്തിൽ പഠിക്കുന്നു. കുടുംബശ്രീ എന്റെയും എന്റെ കിടുംബത്തിന്റെയും താങ്ങും തണലുമായി ഇന്നും പ്രവർത്തിക്കുന്നു. കുടുംബശ്രീക്ക് എന്റെ എല്ലാവിധഭാവുകങ്ങളും ആശംസകളും അർപ്പിക്കുന്നു.

സൂസ്സമ്മ ജോർജ്ജ്
വട്ടപ്പാലത്ത്
രാജാക്കണ്ടം വണ്ടൻമേട്
(വണ്ടൻമേട് ഗ്രാമപഞ്ചായത്ത്)

# അനുഭവങ്ങളാണ് ജീവിതം

സൗഭാഗ്യ എസ്.എച്ച്.ജി. യിലൂടെ സൗഭാഗ്യങ്ങൾ ലഭിച്ച സൗദാമിനിയാണ് ഞാൻ. എന്റെ അനുഭവങ്ങൾ ആർക്കും ഉണ്ടാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ അനുഭവം നിങ്ങൾക്ക് മുൻമ്പിൽ സമർപ്പിക്കുന്നു.

ഞാൻ അയൽക്കൂട്ടത്തിൽ ചേർന്നട്ട് 8 വർഷമായി ഈ 8 വർഷം കൊണ്ടം എനിക്ക് പലതരത്തിലുള്ള ജീവിത ദിനചര്യകൾ എനിക്ക് കിട്ടി. മദ്യപാനിയും മടിയനുമായ ഒരു ഭർത്താവ് പറക്കമുറ്റാത്ത രണ്ട് കുട്ടികൾ. വീട്ടിലെ കഷ്ടതകൾ നിറഞ്ഞ ജീവിതത്തിന് മുമ്പിൽ എന്റെ ജീവിതം ഒരു ചോദ്യചിഹ്നത്തിലായി. അങ്ങനെ ഞാൻ ഒരു കടയിൽ നിന്നും കുറച്ചാ സാധനങ്ങൾ വാങ്ങി അച്ചപ്പം കുഴലപ്പം എന്നിവ ഉണ്ടാക്കി പല കടകളിൽ കൊടുക്കുവാൻ തുടങ്ങി അവിടെ നിന്നും കിട്ടിയ തുച്ഛമായ വരുമാനം ഞാൻ പുതുതായി ചേർന്ന അയൽക്കൂട്ടത്തിൽ അടച്ചു. അവിടെ നിന്നും 5,000 ൽ തുടങ്ങിയ വായ്പ എടുത്ത് കച്ചവടം വിപുലപ്പെടുത്തുകയും തുടർന്ന് കുറച്ച് കോഴികളെ വാങ്ങുകയും ചെയ്തു. നാടൻ കോഴികൾ ആയതിനാൽ മുട്ടയ്ക്ക് നല്ല ചെലവായിരുന്നു. അവിടെ നിന്നും ഞാൻ ഉയർന്ന് എ.ഡി.എസ് തലത്തിലെത്തി. എന്റെ വീടിന്റെ ചുറ്റുവട്ടത്ത് കറങ്ങി നടന്ന ഞാൻ പഞ്ചായത്ത്, ബാങ്കുകൾ,,വില്ലേജ് ഓഫീസുകൾ എന്നിവടങ്ങളിൽ എല്ലാം കയറി ആവശ്യങ്ങൾ നടത്തി. കൂടാതെ ആശ്രയ പദ്ധതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തി അവർക്ക് കാങ്ങു തണലുമായി നിന്നു. ഇതിനെല്ലാം ഉപരി എന്റെ ഭർത്താവ് മദ്യത്തിനും മയക്കുമരുന്നിനും അടിമയായി. എന്നാൽ എന്റെ പ്രാർത്ഥനയുടെ ഫലമായിഅനുയോജ്യമായ ചികിത്സകൾ നടത്താനും നേരായ മാർഗ്ഗത്തിലൂടെ കൊണ്ടുവരുവാനും ഒരു സംഘടനയെത്തി. അങ്ങനെ മൂന്ന് മാസത്തിന് ശേഷം എന്റെ ഭർത്താവ് തിരികെ വന്നു. ഇന്ന് എന്റെയും കുട്ടികളുടെയും കാര്യങ്ങൾ അദ്ദേഹം നോക്കുന്നുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങളിൽ ഞാൻ സജീവമാണ്. നല്ലവരായ നാട്ടുകാരുടെയും ബന്ധുക്കളുടെയും നന്മകൾ മാത്രം ആഗ്രഹിച്ചുകൊണ്ട് കുടുംബശ്രീ ഒരു കെടാവിളക്കായി നിലനിൽക്കണം എന്ന് ആശിച്ചുകൊണ്ട് പ്രാർത്ഥിച്ചുകൊണ്ട് എന്റെ ജീവിതാനുഭവങ്ങളുടെ തൂലിക ഇവിടെ സമർപ്പിക്കുന്നു.

സൗദാമിനി ശശിധരൻ (വണ്ടൻമേട് ഗ്രാമപഞ്ചായത്ത്)

# അയൽക്കൂട്ടം ഒരു വിജയഗാഥ

2001 നംവബർ മാസത്തിൽ രൂപീകരിച്ച അയൽക്കൂട്ടത്തിൽ വൽസലാ വിജയൽ എന്ന ഞാൻ അംഗമായി. അന്നോളം അയൽക്കൂട്ടം എന്ന പ്രസ്ഥാനത്തെക്കുറിച്ച് യാതൊരുവിധ ധാരണയും ഇല്ലാത്തവരായിരുന്നു എല്ലാവരും. അന്നത്തെ സാക്ഷരതാ പ്രേരക് അതിനെക്കുറിച്ച് ഞങ്ങൾക്ക് മനസ്സിലാക്കി തരുകയും 20 രൂപാ വീതം സമ്പാദ്യമായി ഇടുകയും ചെയ്തു. തുടർന്ന് സംഘത്തിന്റെ പ്രസിഡന്റായും പിന്നീട് സെക്രട്ടറിയായും ചുമതല വഹിച്ചു. തുടർന്ന് കുടുംബശ്രീ സംഘടനയിലും, ബ്ലോക്കിലും സംഘം രജിസ്റ്റർ ചെയ്യാൻ നിർബന്ധിതരായി. പഞാചായത്ത് ഓഫീസ് പുറത്തുനിന്നും കണ്ടിട്ടുള്ള ഞാൻ വിറയലോടെ പഞ്ചായത്തിന്റെ പടിക്കെട്ടുകൾ കയറി കുടുംബശ്രീയിൽ സംഘം രജിസ്റ്റർ ചെയ്യുകയും അവിടെ നിന്നും ഒരു സ്ത്രീശക്തിയായി ഉയർന്നവരുകയും ചെയ്തു.

2002 എ.ഡി.എസ്. പ്രസിഡന്റായി വാർഡിൽ നിന്നും തിരഞ്ഞെടുത്തു. അവിടെ നിന്നും വാർഡിലെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളിൽ സജ്ജീവമാവുകയും ചെയ്തു. പഞ്ചായത്തുകളിലും ഇതര ഓഫീസുകളിലും കയറി വിവിധ ആവശ്യങ്ങൾ നടത്തി കൊടുക്കുവാനും എനിക്ക് സാധിച്ചു. അപ്പോഴാണ് നമ്മളെ പോലുള്ളവർ മാത്രമാണ് ഈ ഓഫീസുകളിൽ ഉള്ളതെന്ന് എനിക്ക് മനസ്സിലായത്. കുടുംബശ്രീ വഴി, വാർഡുകളിലെ അഗതികളെ കണ്ടെത്തി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അവർക്കു വേണ്ട സേവനങ്ങൾ നൽകുകയും ചെ.യ്യുന്നു. ഇപ്പോഴും അവർ എന്നെ കാണുമ്പോൾ, അവരുടെ സ്നേഹം കാണുമ്പോൾ എനിക്കിതിൽപരം സന്തോഷം കിട്ടാനില്ല. അന്നത്തെ ചെയർപേഴ്സൺ ശ്യാമള മധു, സി.ഡി.എസ് മെമ്പർ ജാൻസി റെജി എന്നിവരോടൊപ്പം എനിക്കും പോകാൻ അവസരം ഉണ്ടായി..

ഇത് എന്റെ ജീവിതത്തിലെ മറക്കുവാൻ പറ്റാത്ത് ഒരു അനുഭവമാണ്. കാരണം എസ്.എസ്.എൽ.സി മാത്രം യോഗ്യതയുള്ള ഞാൻ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ മുൻപിൽ നിന്ന് ക്ലാസ്സ് എടുക്കുക എന്നത് സാധാരണക്കാരിയായ വീട്ടമ്മയ്ക്ക് കിട്ടാവുന്നതിൽ ഏറ്റവും വലിയ അവാർഡായിരുന്നു. കൂടാതെ ന്യൂമാൻ കോളേജ് തൊടുപുഴയിലും പോകുവാനുള്ള അവസരം ലഭിച്ചു. തുടർന്ന് തിരുവനന്തപുരത്ത് സംസ്ഥാന

മിഷന്റെ കീഴിൽ സംഘടിപ്പിച്ച ഒരു മീറ്റിംഗിൽ വണ്ടൻമേട് കുടുംബശ്രീയിൽ നിന്നും എനിക്ക് ചെയർപേഴ്സണോടൊപ്പം പോകാൻ അവസരം ഉണ്ടായി . ആമീറ്റിംഗിൽ വിവിധസംസ്ഥാനത്തുനിന്ന് എത്തിയ ഡോക്ടർമാർ, പ്രൊഫസർമാർ എന്നിവരാണ് പങ്കെടുത്തിരുന്നത്. ആ മീറ്റിംഗിൽ വണ്ടൻമേട് പഞ്ചായത്തിലെ ആശ്രയപദ്ധതിയെക്കുറിച്ചുള്ള ക്ലാസ്സ് ആണ് നടത്തേണ്ടിയിരുന്നത്.

മലയാളികളല്ലാത്ത് പൊതു സദസ്സിൽ നിന്ന് ക്ലാസ്സ് എടുക്കാൻ എന്നെ ക്ഷണിച്ച ജില്ലാ മിഷനും അതുവഴി അവസരം തന്ന കുടുംബശ്രീക്കും ഒരു പാട് നന്ദ്. കുടുംബശ്രീ സംഘം വഴി സമൂഹ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാൻ എന്നെ സമൂഹത്തിലേയ്ക്ക് ഇറക്കിയ അയൽക്കൂട്ടത്തിനും നല്ലവരായ നാട്ടുകാർക്കും എന്റെ നന്ദി. എന്റെ ജീവിതാന്ത്യം വരെ കുടുംബത്തിലെ അംഗത്തെപോലെ കുടുംബശ്രീയിലെ അംഗമായി ഞാൻ ആഗ്രഹിക്കുന്നു. എല്ലാവർക്കും എന്റെ എല്ലാവിധ നന്മകളും ആശംസിച്ചുകൊണ്ട് നിർത്തട്ടെ,

വൽസലാ വിജയൻ
(വണ്ടൻമേട് ഗ്രാമപഞ്ചായത്ത്)

## പെൺകരുത്തിനൊരു പൊൻവിളക്ക്

## എന്നെ ഞാനാക്കിയ കുടുംബശ്രീ അയൽക്കൂട്ടം

സാമ്പത്തികമായി ഉയർന്ന കുടുംബത്തിൽ ജനിച്ച് വളർന്ന് സമ്പന്നകുടുംബത്തിലേക്ക് കുടുംബിനിയായി വലതുകാൽ എടുത്തുവച്ചെങ്കിലും ഒരു നിമിത്തമെന്നപോലെ ദാരിദ്രത്തിന്റെ നടുക്കടലിലേക്ക് ജീവിതമാകുന്ന തോണി ദൗർഭാഗ്യമായി തുഴഞ്ഞെത്തി. എന്തു ചെയ്യണം?. എങ്ങനെ ജീവിക്കണം?. എന്നറിയാതെ ഉഴലുമ്പോൾ ഒരു കൈത്തിരി നാളമായി സമീപവാസികളായ ചേച്ചിമാരും പഞ്ചായത്ത് മെമ്പറും സഹായ ഹസ്തം നീട്ടി.

2000 നവംബർ 2-ാം തീയതി അയൽക്കൂട്ടം അംഗമായി തുടങ്ങി. പണിക്കുപോയി പരിജയം ഇല്ലാതിരുന്ന ഭർത്താവ് ദാരിത്രത്തിന്റെ പാരമ്യതയിൽ പണിക്കുപോയി തുടങ്ങി. അതിൽ നിന്നും കിട്ടുന്ന തുച്ഛമായ വരുമാനം ഭക്ഷണത്തിനും മറ്റ് ചിലവുകൾക്കും ശേഷം മിച്ചം പിടിച്ച് അയൽക്കൂട്ടത്തൽ നിക്ഷേപിച്ചു തുടങ്ങി. ആദ്യം വീടു പണിയുന്നതിനായി 5000/- രൂപ വായ്പയായി നൽകി അയൽക്കൂട്ടഅംഗങ്ങൾ സഹായിച്ചു. ഈതുക കൃത്യസമയത്തുതന്നെ തിരികെ അടച്ചു. ഇതിനിടെ സമിപത്തുള്ള കൃഷിയിചങ്ങളിൽ ഞാൻ കൂടി പണിക്കുപോകാൻ തുടങ്ങി. പണിക്കു പോകുന്നതിന് അയൽക്കൂട്ടഅംഗങ്ങൾ ധൈര്യമേകി. പിന്നീട് മക്കളുടെ പഠനാവശ്യത്തിനായി പതിനായിരം രൂപ വായ്പ സംഘത്തിൽ നിന്നും ലഭിച്ചു. ഇതും കൃത്യമായി തന്നെ തിരിച്ചടയ്ച്ചു. അപ്പോഴേയ്ക്കും നാലുപേരുടെ മുമ്പിൽ നിന്ന് എന്തെങ്കിലും കാര്യങ്ങൾ പറയുന്നതിനും ബാങ്ക് മുതലായ പൊതു സ്ഥാപനങ്ങളിൽ പോകുന്നതിനുള്ള ധൈര്യവും കാര്യപ്രാപ്തിയും കുടുംബശ്രീ നേടിതന്നിരുന്നു. അടുത്ത തവണ 20000/- രൂപ മകളുടെ നേഴ്സിംഗ് ആവശ്യത്തിനായി വായ്പയെടുത്തു. അപ്പോളേക്കും അയൽക്കൂട്ടം പ്രസിഡന്റ്, എ.ഡി.എസ്. വൈസ് പ്രസിഡന്റ്, സി.ഡി.എസ്. മെമ്പർ എന്നീ ചുമതലകൾ കൈകാര്യം ചെയ്തു തുടങ്ങയിരുന്നു.

തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കാലം മുതൽ മേറ്റായും പണിക്കാരിയായും സഹായിച്ചുകൊണ്ടിരുന്നു. സമീപത്തുള്ള ദാരിദ്ര്യം അനുഭവിക്കുന്ന രോഗികളേയും , വൃദ്ധരേയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അയൽക്കൂട്ടപ്രവർത്തനം മൂലം സാധ്യമായി. മക്കളുടെ

വിവാഹ ആവശ്യത്തിനായി 70000/- രൂപ വായ്പയായി എടുത്തു. പശുവളർത്തരും വിജയകരമായി തന്നെ പോകന്നു. എന്റെ വിജയത്തിൽ ഭർത്താവും മക്കളും വളരെ സന്തോഷത്തിലാണ്. ഇപ്പോൾ ഞങ്ങളുടെ പ്രദേശത്തെ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകയായി മാറുവാനും കുടുംബത്തിന്റെ ഐശ്വത്യത്തിനും കാരണമായ കുടുംബശ്രീ അയൽക്കൂട്ടത്തിന് ഒരായിരം നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. പെൺകരുത്തിനൊരു പൊൻവിളക്കായി കുടുംബശ്രീ അയൽക്കൂട്ടം ഈ ഐശ്വര്യദേവതയെ മറ്റു സ്ത്രീകൾക്കും കുടുംബത്തിനും പകർന്ന് നൽകാനിടവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന് ,

മറിയാമ്മ ദേവസ്യ, രണ്ടുപ്ലാക്കൽ
കൊച്ചറ പി.ഒ, കുളത്തിൻമേട്
(കരുണാപുരം ഗ്രാമപഞ്ചായത്ത്)

# <u>അനുഭവക്കറിപ്പ്</u>

കൊക്കായർ പഞ്ചായത്തിലെ കുറ്റിപ്ലാങ്ങാട്ട് 10-ാം വാർഡിൽ പ്രവർത്തിക്കുന്ന വിനയ കുടുംബശ്രീയിലെ അംഗമാണ് ഞാൻ. എന്റെ പേര് സജിനി ജയകുമാർ. ഞങ്ങളുടെ കുടുംബശ്രീ 10 വർഷമായി പ്രവർത്തിക്കുന്നു. ഈ കുടുംബശ്രീയിൽ വന്നതിനു ശേഷം എനിക്കുണ്ടായ ജീവിതാനുഭമാണ് പങ്കുവയ്ക്കുന്നത്.

എനിക്ക് അമ്മയുണ്ടെങ്കിലും വിധിയുടെ ക്രൂരതയും സാഹചര്യവും കൊണ്ട് ഞാനും അച്ഛനും ഒരു വീട്ടൽ താമസിക്കേണ്ടിവന്നു. ഞാൻ വളർന്നതും പഠിച്ചതും എല്ലാം വേറെ ജില്ലയിലാണ്. അമ്മയുടെ വീട്ടിൽ നിന്നും എന്റെ അച്ഛന്റെ കൂടെ ഇടുക്കി ജില്ലയിലെ കൊക്കയാർ പഞ്ചായത്തിൽ വന്ന് താമസിക്കാൻ എനിക്ക് അവസരം വന്നു. ആ സാഹചര്യത്തിലാണ് നമ്മുടെ കേരളത്തിൽ കുടുംബശ്രീ സംവിധാനം നിലവിൽ വന്നത്. കുടുംബശ്രീ എന്റെ പഞ്ചായത്തിലും രൂപപ്പെടുകയും ചെയ്തു. അന്യ ജില്ലയിൽ നിന്നും വന്ന ബുദ്ധിമുട്ട് എനിക്കുണ്ടായിരുന്നു. അങ്ങനെ കുടുംബശ്രീ സംവിധാനത്തിൻ കീഴിൽ ഞങ്ങളുടെ സമീപത്തുള്ള 10 കുടുംബങ്ങൾ ചേർന്ന് അയൽക്കൂട്ടം രൂപീകരിച്ചു. ഞാൻ കുടുംബശ്രീയുടെ ഭരവാഗിയായി തീർന്നു. വിദ്യാഭ്യാസം ഉണ്ടെങ്കിലും ഉദ്യോഗസ്ഥരുടെ മുന്നിൽ നിൽക്കാൻ ഭയം ആയിരുന്നു. കുടുംബശ്രീയിൽ ഞങ്ങൾ 10 പേരും നല്ലരീതിയിൽ പ്രവർത്തിച്ചതിന്റെ ഫലമായി ഈ കുടുംബശ്രീയിൽ പോകുവാനും അവരെ സ്നേഗിക്കുവാനും വിഷമങ്ങൾ മനസ്സിലാക്കുവാനും സാധിച്ചു. സമ്പാദ്യശീലം വർദ്ധിപ്പിക്കുവാനും മറ്റുള്ളവരെ സഹായിക്കുവാനും സാധിച്ചു.

കുടുംബശ്രീ തെരഞ്ഞെടുപ്പ് വന്നപ്പോൾ എ.ഡി.എസിൽ അംഗമാവുകയും സി.ഡി..എസിൽ അംഹമായി സി.ഡി.എസ്. ചെയർപേഴ്സൺ ആവുകയും ചെയ്തു. കുടുംബശ്രീയിൽ പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിൽ പോകുമ്പോൾ എൽറെ സഹപ്രവർത്തകരിൽ നിന്നും എന്റെ അയൽവാസികളിൽ നിന്നും ബന്ധുക്കളിൽ നിന്നുമൊക്കെ എനിക്ക് വളരെയധികം വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. പക്ഷെ അതൊന്നും ഞാൻ ചെവികൊണ്ടില്ല. ഞാൻ വിവാഹം കഴിക്കാത്ത പെൺകുട്ടിയായതുകൊണ്ടായിരിക്കാം. പക്ഷെ കുടുംബശ്രീയിലൂടെയുള്ള വിശ്വാസം എന്നെ തളർത്തിയില്ല. ഢാൻ വരുമ്പോൾ എന്റെ വീട്ടിൽ ഒരു

സാധനവും ഉണ്ടായിരുന്നില്ല. കിടക്കാൻ ഒരു കട്ടിൽ പോലും ഉണ്ടായിരുന്നില്ല. പക്ഷെ കുടുംബശ്രീയിൽ വന്നതുകൊണ്ട് വായ്പയെടുത്തും മറ്റും വീടും, അതുപോലെ ഫർണിച്ചർ സാധനങ്ങൾ കുറച്ചൊക്കെ വാങ്ങാൻ സാധിച്ചു.

എന്റെ ജീവിതത്തിൽ കുടുംബശ്രീ സംവിധാനത്തെ മറക്കാൻ കഴിയാത്ത അനുഭവമാണ് എന്റെ വിവാഹം. പല ആലോചനകൾ വന്നിട്ടും പാരമ്പര്യം കൊണ്ടും മറ്റു കാര്യങ്ങളാൽ എന്റെ കല്യാണം മുടങ്ങിപോയിരുന്നു. പഞ്ചായത്തിൽ ചെല്ലുമ്പോൾ എല്ലാവരും കല്യാണം ആയോ എന്ന് ചോദിക്കുമ്പോൾ മനസ്സ് വേദനിച്ച സമയം ഉണ്ട്. ഒരമ്മയുടെ സ്വാന്തനം എനിക്ക് എന്റെ കുടുംബശ്രീ അംഗങ്ങൾ തന്നു. പല ബ്രോക്കർമാർ കല്യാണം കൊണ്ടുവന്നിട്ടും നടക്കാത്ത് കാര്യം എന്റെ പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾ കൊണ്ടുവരുകയും ആ വിവാഹം നല്ല രീതിയിൽ നടക്കുകയും ചെയ്തു. കാരണം കുടുംബശ്രീ എന്താണെന്ന് ഞാൻ ചെന്ന കുടുംബത്തിലും അറിയാമായിരുന്നു. അതുകൊണ്ടാണ് വിവാഹം കഴിഞ്ഞിട്ടും പദവിയിൽ തുടരാൻ സാധിച്ചത്. ഒരു ചെയർപേഴ്സൺ ് ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ട് എന്റെ കല്യാണത്തിന് സ്ത്രീധനം നൽകാൻ സാധിച്ചതും, മറ്റുള്ളവരുടെ മുമ്പിൽ തലക്കുനിക്കാതെ നിലനിർത്തിയതും കുടുംബശ്രീയാണ്. എന്റെ വിവാഹത്തിന് എന്റെ പഞ്ചായത്തിലുള്ള കുടുംബശ്രീ അംഗങ്ങളും ബന്ധുക്കളും സഹായിച്ച് എനിക്ക് 1,25,000/- രൂപ ലഭിക്കുകയുണ്ടായി. കുടുംബശ്രീയിൽ പ്രവർത്തിച്ചതിന്റെ വില ഇപ്പോളാണ് അറിഞ്ഞത് എന്ന് എന്റെ ബന്ധുക്കളും നാട്ടുകാരും പറഞ്ഞപ്പോൾ എന്റെ കണ്ണ് നിറഞ്ഞു.

തൊഴിലുറപ്പിൽ പണിയാൻ കുറെ എനിക്ക് സാധിച്ചിട്ടില്ലാ എങ്കിലും കുറച്ചൊക്കെ ചെയ്യാൻ കഴിഞ്ഞു. ചെയർപേഴ്സൺ ആയതുകൊണ്ട് ഒരു പഞ്ചായത്തിലെ പല സാഹചര്യങ്ങളിൽ ജീവിക്കുന്ന കുടുംബവുമായി ബന്ധപ്പെടാനും അവരെ സഹായിക്കുവാനും സ്വാന്തനപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീയിൽ വന്നതു കൊണ്ട് സഹിക്കുവാനും ക്ഷമിക്കുവാനും ഒരു കുടുംബത്തിൽ എങ്ങനെ ജീവിക്കണമെന്നും എനിക്ക് കുടുംബശ്രീയിലെ മാതൃകയാണ് പഠിപ്പിച്ചുതന്നത്. ഒരു അമ്മ ഇല്ലാത്തതുമൂലം ഒരമ്മയുടെ സ്ഥാനത്തുനിന്നും പറഞ്ഞു തരുവാൻ കുടുംബശ്രീ അംഗങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു,.

ഇപ്പോൾ ചെയർപേഴ്സൺ സ്ഥാനം ഇല്ലെങ്കിൽ പോലും പഞ്ചായത്തിലും മറ്റ് സ്ഥാപനങ്ങളിലും ചെല്ലുമ്പോഴും അവരുടെ സമീപനം കാണുമ്പോൾ കണ്ണ് നിറയാറുണ്ട്. കുടുംബശ്രീയിൽ വന്നതുകൊണ്ട് ഒരു

കുടുംബവും നശിച്ചുപോയിട്ടില്ലാ എന്ന് വിശ്വസിക്കാവുന്ന കാര്യമാണ്. എനിക്ക് ലഭിച്ച തുച്ഛമായ വരുമാനം കൊണ്ട് എന്റെ ബന്ധുക്കളേയും, സ്വന്തക്കാരേയും സഹായിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനത്തിൽ അടിയുറച്ച് നിന്നതുകൊണ്ട് മാത്രമാണ് നല്ലൊരു ജീവിതം കെട്ടിപ്പടുക്കുവാൻ സാധിച്ചത്. ഇനിയും കുടുംബശ്രീയിൽ കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കട്ടെ എന്ന് മാത്രം ആശംസിക്കുന്നു.

സജിനി ജയകുമാർ
സി.ഡ.എസ്. മുൻ ചെയർപേഴ്സൺ
(കൊക്കയാർ ഗ്രാമപഞ്ചായത്ത്)

# ഇടമലക്കുടിയിൽ

സ്ത്രീകൾ മുഖ്യധാരയിലേക്ക് വരാൻ മടിക്കുന്ന ഏകസമൂഹം മുതുവാൻമാരാണ് എന്നാണ് എന്റെ വിശ്വാസം പ്രത്യേകിച്ചും. ഇടമലക്കുടിയിലെ സ്ത്രീകള്, അവർ അന്യപുരുഷൻമാരോട് സംസാരിക്കുകയോ അവരുടെ മുമ്പിൽ വന്ന് പെടുകയോ ചെയ്യുമായിരുന്നില്ല, വഴിനടക്കുമ്പോൾ പുരുഷൻമാരെ കണ്ടാൽ അവർ ഓടിമറയുമായിരുന്നു. പൊതുരംഗങ്ങളിൽ അവർ വരുമായിരുന്നില്ല, വീട്ടിലും കാട്ടിലുമായി ഒതുങ്ങികഴിഞ്ഞിരുന്ന ഈ സമൂഹത്തിലെ സ്ത്രീകൾ കുടുംബശ്രീ കൂട്ടായ്മയിലൂടെ പൊതുരംഗത്ത് പ്രവേശിച്ചു തുടങ്ങിയത് ഈ അടുത്തകാലത്തായിരുന്നു. ഇന്നിപ്പോൾ പൊതുവേദികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യമാണ് കൂടുതലും കാണാൻ കഴിയുന്നത്. ഇതിന്റെ ക്രഡിറ്റ് കുടുംബശ്രീക്ക് മാത്രമാണ്

സിന്ധു
എം.ജി.എൽ.സി.ടീച്ചർ
ഇടമലക്കുടി
ഇടമലക്കുടി ഗ്രാമപഞ്ചായത്ത്

# കവിത

ശബ്ദമിതാ................................................ ശബ്ദമിതാ
സംഘങ്ങൾ തൻ .................................... ശബ്ദമിതാ
ശബ്ദമിതാ ............................................... ശബ്ദമിതാ
കുടുംബശ്രീ തൻ .................................... ശബ്ദമിതാ
ഭദ്രദീപം കൊളുത്തിയിവിടെ സഹായസംഘമുണർന്നു.
മാറ്റത്തിന്റെ മാറ്റൊലിയായി സംഘമുണർന്നുകഴിഞ്ഞു. (2)
പുതിയൊരുമണ്ണിൻ ശബാദമിതാ
പുതയൊരുവെളിച്ചത്തിൻ ശബ്ദമിതാ
ശബ്ദമിതാ പുതു ശബ്ദമിതാ
കുടുംബശ്രീ തൻ ശബ്ദമിതാ
ഇവിടെയില്ല ജാതിയും മതവും
ഇവിടെ ഞങ്ങൾ സഹോദരർ
ഒരുമയോടൊന്നായ് ഒറ്റക്കെട്ടായ്
ഇനിയിതാ ഞങ്ങൾ മുന്നോട്ട്
പുതിയൊരു കേരള ശബ്ദമിതാ
ശബ്ദമിതാ പുതു ശബാദമിതാ
കുടുബശ്രീ തൻ ശബാദമിതാ
ഇവിടെയില്ലിനി രാഷ്ട്രീയം
ഇവിടെയില്ലിനി വർണ്ണ വർഗം
ഇവിടെ ഞങ്ങൾ ഒന്നാണ്.
ഒന്നാണ് ഒന്നാണ് ഒന്നാണ്.

രേണുക ശശി
ഭദ്രദീപം കുടുംബശ്രീ
ഗാന്ധിനഗർ
(വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്)

# എൻകുടുംബശ്രീക്ക്

പ്രപഞ്ച നീലിമയിൽ പ്രഭതൂകിയെൻ

പ്രതീക്ഷയായി കന്നുവന്നു നീ

സ്നേഹമായി, കരുണയായ് പൂവണിഞ്ഞു നീ

മനസിനിണക്കമായ് മനസിനിണക്കമായ്

ദിവ്യപ്രകാശം നീ ചൊരിഞ്ഞുതന്നില്ലേ

കാലിടറുപാകളിൽ കൈ പിടിച്ചമർത്തി

ഉന്നത വീഥിയിലെത്തിച്ചില്ലേ നീ

എൻ ജീവിത ഓളങ്ങളിൽ

ശാന്തതയാൽ നീ അടങ്ങിയില്ലേ

അണയാവിക്കായ് അതീവശക്തിയായ്

ജ്വലിച്ചു പ്രഭചെരിയും നീ

അകലരുതേ, അകലരുതേ പൊൻവിളക്കല്ലേ കുടുംഭശ്രീ

എൻ അകതാരിൽ നിന്നും അകമഴിഞ്ഞ വന്ദനം വന്ദനം വന്ദനം

നമഃസ്തുതേ

സെലിൻജോസഫ്
പ്ലാമൂട്ടിൽ
സ്നേഹ കുടുബശ്രീ
(വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്)

<u>അനുഭവം</u>

വീടിന് നല്ല വിളക്കാണെന്നും
തറവാടിനു നല്ല കുടുംബിനിയെന്നും
മധുരിമചൊരിയും നല്ല കഥകൾകേട്ടും
ആട്ടും ചീറ്റും ഒക്കെ മറന്നും കൂട്ടായ് നിന്നും
കുടുംബിനിയായി നാട്ടിൽ നടപ്പത് അതുതന്നെയല്ലോ
കണ്ടാലെത്ര മനോഹരിയെത്ര
തന്നുടെ ഭാഗിനിയെന്നും നിനച്ചും കണ്ണിൽ കണ്ടവയെക്ക വരുത്തി
കാർകുഴലിന് നീശം കൂട്ടാൻ - വാർമുടി
യൊന്നുകൊരുത്തു ശിരസിൽ കാവടി
പോലെയൊരു റ യും തിരുകി പൂവാൽ ചെറിയൊരുമാലയൊരുക്കി
പുട്ടിൻ കുഴലുകൾ കൈയ്യിൽ തിരുകി
കണ്ടോയെന്നുനടിച്ചീടേണം
മുക്കിൽ കാതിൽ കൈയ്യിൽ കാലിൽ
ചങ്ങലയനവധി അണിഞ്ഞീടേണം
എന്നാലത്രെ പെണ്ണായീടു പണ്ടുമുതൽക്കേ ചൊല്ലിവരുന്നു
കാലം അനവധിയൊക്കേകഴിഞ്ഞു
കോലംകെട്ടുനാരികളെല്ലാം
നാണം കെട്ടുനടക്കാനിനിമേൽവേണം പുതിയൊരു ജന്മം വരണം
എന്നുനിനച്ചിക കാലം പോകെ

വന്നു നിനച്ചു കുടുംബശ്രീയും കൂട്ടം-
കൂടി തരുണികൾതന്നുടെ ദോഷം-
മകറ്റാൻ പലവിധ വഴികൾ

സ്വന്തം കാലിൽ നിൽക്കണമെന്നാൽ

സ്വന്തമ കീശയിൽ കാശുംവേണം

അജ്ഞതയാകും കൂരിരുൾ നീക്കി

വിജ്ഞാനത്തിൽ വിത്തുകൾ പാകി

കുടുംബശ്രീതൻ ചേതനയെന്നും

പെണ്ണുങ്ങൾക്കു പകരം തന്നെ

ജീവിതമോചനവീഥികൾ

അനവധി നിത്യം കേട്ടുപഠിക്കാന-

വസരം വെച്ചുവിളമ്പി അയൽക്കൂട്ടങ്ങൾ

ആവിധ സദ്യകൾ പലവിധമുണ്ട് ഈ വിധമായ് ഞാൻ വന്നുഭവിച്ചു.


ദീപ ഇന്ദുലാൽ , അമ്പലപ്പുറത്ത്

ദേവിക കുടുംബശ്രീ,കേശമുനി

(വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്)

# <u>കവിത</u>

ഹാ! കഷ്ടം; മമ കുഞ്ഞിനെ പ്രിയമതായ്

കാണാൻ കൊതിച്ചുപരം ഏകാന്തത്തിലനേക കോടി-

മോഹങ്ങളും കൊണ്ടു ഞാൻ ചെല്ലും നേരമഹോ !

വിധിഫലം ദുഃഖ മഹാസാഗരം

എൻ കുഞ്ഞേ നിൻ ഹതഭാഗ്യവാനതാം

താതൻ വിദൂരത്തിലാണെന്നോരുള്ള

വിചാരം അങ്ങു നിൻ ജനനിക്കില്ലാതെ പോയ് ശോഭനെ

ദുഃഖാബ്ധിക്കൊരു കപ്പലെന്നു കരുതി

മേവുന്ന നിൻ താതനെ ഇട്ടും വച്ചു മറഞ്ഞുവല്ലോ തരുണി ക്രൂരന്റെ കൈയ്യാൽ

പ്രിയേ ചുംബിച്ചില്ല മുകർന്നില്ലരുമയാം

എന്നോമനത്തിനെ കാണാൻ പോലുമൊരൽപ-

സുകൃതം ഇല്ലാതെ പോയ് ശോഭനേ

എന്ന്,

സുമതി ശ്രീധരൻ (സി.ഡി.എസ്. മെമ്പർ)
കുഞ്ചുക്കുന്നേൽ, മണിയാറൻകുടി പി.ഒ
ചെമ്പകപ്പാറ
(വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്)

# കുടുംബശ്രീ എന്ന വാടാമലർ

ഇന്ന് ഈ ദിവസം സ്നേഹ എന്ന എന്റെ സ്വയം സഹായ സംഘത്തിന്റെ 7-ാം വാർഷിക ദിനമാണ്. എനിക്ക് എന്നെപ്പോലെ എന്റെ സംഘാംഗങ്ങൾക്കും ഏറെ അഭിമാനം തോന്നുന്ന ദിവസമാണ്. വളരെ വിപുലമായിട്ടല്ല എങ്കിലും ആരും കുറ്റം പറയാത്ത രീതിയിലുള്ള ലളിതമായ ചടങ്ങ് ഞങ്ങൾ സംഘാംഗങ്ങളും അവരവരുടെ കുടുംബങ്ങളും മാത്രം.

ഇവിടെ ഈ ചെറിയ വേദിയിൽ ഇരിക്കുമ്പോൾ 7 വർഷത്തിന്റെ അപ്പുറവും അതിനുശേഷവും എനിക്കും എന്റെ സംഘാംഗങ്ങൾക്കും അതിലുപരി ഞങ്ങളുടെ കുടുംബത്തിനും ഉണ്ടായ മാറ്റങ്ങൾ ഓർമ്മിക്കാതെ വയ്യ. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഈ മാറ്റങ്ങൾ ഞങ്ങൾക്ക് അവിശ്വസിനീയം ആണ്.

ഞാൻ ലീലമണി രാഘവൻ. രാഘവൻ എന്ന ഇൻഷ്യൽ 12 വർഷങ്ങൾക്ക് മുമ്പാണ് എനിക്കുണ്ടായത്. 12 വർഷങ്ങൾക്ക് മുമ്പ് കണ്ണംപടി എന്ന ട്രൈബൽ സെറ്റിൽമെന്റ് ഏരിയായിലെ കൊല്ലത്തിക്കാവ് എന്ന പ്രദേശത്ത് വിവാഹിതയായി എത്തുമ്പോൾ ഏതൊരു പെൺകുട്ടിയേയും പോലെ സ്വസ്ഥമാ. ഒരു കുടുംബജീവിതം മാത്രമായിരുന്നു എന്റെ മനസ്സിൽ, പക്ഷെ ഏറെ താമസിയാതെ യാഥാർത്ഥ്യവും സ്വപ്നവും തമ്മിലുള്ള അകലം എനിക്ക് മനസ്സിലായി. എങ്കിലും ആദ്യത്തെ കുട്ടി ഉണ്ടാകുന്നതുവരെ എല്ലാം ശരിയാകും എന്നൊരു ശുഭപ്രതീക്ഷ എനിക്കുണ്ടായിരുന്നു. എന്നാൽ മദ്യപാനിയും യാതൊരു ഉത്തരവാദിത്വബോദവുമില്ലാത്ത ഭർത്താവ്. താൻ ഒരിക്കലും നേരെയാകില്ല എന്ന മനോഭാവമാണ് എന്ന് അനുഭവം പഠിപ്പിച്ചു.

ഡിഗ്രിവരെ പഠിച്ചു എങ്കിലും കുട്ടികളേയും നോക്കി വൂട്ടിലിരുക്കുന്ന ഒരു സദാ വീട്ടമ്മയാകാൻ ആഗ്രഹിച്ച ഞാൻ ഭാവിയിലേക്ക് നോക്കി പകച്ചു പോയി. എങ്കിലും കുറെ വർഷങ്ങൾ എങ്ങിനയോ മുന്നോട്ട് പോയി. ഏത് വിഷമസന്ധിയിലും താങ്ങാകേണ്ടുന്ന ഭർത്താവ് ഒരു കാഴ്ചക്കാരനെപ്പോലെ മാറി നിൽക്കുന്ന അവസ്ഥ മറ്റൊരു സ്ത്രീക്കും എന്നെപോലെ എനിക്കും താങ്ങാൻ ആയില്ല. കുട്ടികൾ സ്കൂളിൽ പോകാൻ തുടങ്ങിയതോടെ ഇനിയും എല്ലാം ശരിയാകും എന്ന പ്രതീക്ഷയിൽ മുമ്പോട്ടു പോകുന്നതിലെ നിരത്ഥകത എനിക്ക് മനസ്സിലായി. ഒപ്പം മറ്റൊരു കാര്യവും മനസ്സിലായി എന്നപ്പോലെ എന്റെ

പ്രദേശത്തെ ഭൂരിപക്ഷം സ്ത്രീകളും മാത്രമല്ല മിക്കവരും നിരക്ഷരരും പ്രതികരിക്കാൻ അറിവില്ലാത്തവരുമാണ്.

2004 ഒക്ടോബറിൽ ഈ സ്വയംസഹായ സംഘം രൂപീകരിക്കുമ്പോൾ പേരിനുവേണ്ടി കൂടുതൽ ആലോചിക്കേണ്ടിവന്നില്ല. സ്നേഹ എന്ന് ഞങ്ങൾ ഒത്തൊരുമിച്ച് തീരുമാനിച്ചു.. സംഘം രൂപീകരിക്കുമ്പോൾ വലിയ പ്രതീക്ഷകൾ ഒന്നും എനിക്കില്ലായിരുന്നു. നിരക്ഷരരും, ഭർത്താവ് സഹായത്തിന് പോലും എന്റെ സംഘാംഗങ്ങൾക്ക് ഒരു ചെറിയ സമ്പാദ്യം, കുട്ടികൽക്ക് അസുഖം വരുമ്പോൾസ്കൂളിൽ ആവശ്യം വരുമ്പോൾ എന്ത് ചെയ്യും എന്ന് പകച്ച് നിൽക്കുന്ന അവർക്ക് ആരുടെ മുമ്പിലും കൈനീട്ടതെ ധൈര്യപൂർവ്വം വന്ന് എടുക്കാവുന്ന പണം.

ഒറ്റക്ക് ഒരു ആവശ്യത്തിന് പുറത്തു പോകാത്ത സ്ത്രീകളായിരുന്നു. എല്ലാവരും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഞങ്ങൾക്ക് ഒരുപാട് ആനുകൂല്യങ്ങൾ ഗവൺമെന്റ് അനുവദിക്കുന്നു. എങ്കിലും അവയിൽ ഏറെയും ഞങ്ങളുടെ കൈകളിൽ എത്താറില്ല. അതിനെക്കുറിച്ച് അന്വേഷിക്കാൻ ആരും തയ്യാറാവുമായിരുന്നില്ല.

ഓഫീസുകളിൽ പോകുന്നതിനോ അവരവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനോ എന്റെ ഈ പ്രദേശത്തെ മിക്ക ആളുകൾക്കും കഴിയില്ലായിരുന്നു. പക്ഷെ ഇപ്പോൾ ആളുകൾ വളരെ മാറിയിരിക്കുന്നു. അവിശ്വസിനീയം എങ്കിലും കുടുംബശ്രീ എന്ന സംഘടനയെ പ്രശംസിക്കാതെ വയ്യ. എന്റെ സംഘം കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തപ്പോൾ മുതൽ ഇന്നുവരെ എല്ലാ വിധ സഹായങ്ങളും സംഘത്തിന് ചെയ്തുതരുന്നു.

ഡിഗ്രിവരെ പഠിച്ചതുകൊണ്ടും ഇ.ഡി.സി. എന്ന വനസംരക്ഷണ സംഘത്തിൽ അംഗമായതുകൊണ്ടും ആവാം അംഗങ്ങൾ എന്നെ സെക്രട്ടറിയായി തെരഞ്ഞെടുത്തത്. എന്നെകൊണ്ട് ആവും പോലെ ഞാനത് ഭംഗിയാക്കുന്നുണ്ട്. കോളേജിൽ പോയി പഠിച്ചതാണെങ്കിലും നാലാളുടെ മുമ്പിൽ രണ്ട് വാക്ക് സംസാരിക്കാനോ ഒരു വേദിയിൽ കയറാനോ എനിക്ക് കഴിയില്ലായിരുന്നു. ഒരു പക്ഷെ ഞങ്ങൾ ട്രൈബൽക്കാരുടെ പ്രത്യേകതയായിരിക്കാം അത്.

എന്നാൽ ഇന്ന് ആരുടെ മുമ്പിലും തലകുനിക്കേണ്ടിവന്നവളല്ല സ്ത്രീ എന്ന് തിരിച്ചറിയുന്നു. ഏത് വേദിയിലും രണ്ട് വാക്ക് സംസാരിക്കാൻ ഞാൻ ഇന്ന് പ്രാപ്തയാണ്. പ്രശ്നങ്ങളുടെ മുമ്പിൽ ഞാൻപകച്ചു നിൽക്കാറില്ല.

ഇതിനെല്ലാത്തിനും എനിക്ക് കഴിഞ്ഞത് ഞാൻ സംഘത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയതിന് ശേഷമാണ്.

സ്കൂൾ തുറക്കുമ്പോളാ കുട്ടികൾക്ക് സ്ഖൂൾതുറക്കുമ്പോഴാ ഇപ്പോൾ എന്റെയോ എന്റെ കൂട്ടുകാരുടെയോ നെഞ്ച് പിടയാറില്ല. കാരണം ആശ്രയിക്കാൻ ഞങ്ങൾക്ക് ഒരിടമുണ്ട്. മാത്രമല്ല ഏതുകാര്യത്തിനും ഏതതൊരുകാര്യത്തിനും ഏത് ഓഫീസിൽ ആണോ പോകേണ്ടത് അവിടെ ചെന്ന് ആവശ്യങ്ങൾ പറയുന്നതിനും ആവശ്യങ്ങൾ സാധിച്ചെടുക്കുന്നതിനും എന്റെ സംഘാംഗങ്ങൾക്ക് കഴിയുന്നു.

താങ്ങൾക്ക് എഴുതുവാനും വായിക്കുവാനും അറിയില്ലാത്തത് ഒരു കുറവായി അവർ മനസ്സിലാക്കുന്നു. പക്ഷെ അതുകൊണ്ട് തങ്ങൾ മാറിനിൽക്കേണ്ടവരല്ല അവകാശങ്ങൾ നേടിയെടുക്കണമെന്ന ബോധം അവരിൽ ഉണ്ടാക്കാൻ എന്റെ എളിയ പ്രവർത്തനത്തിന് സാധിച്ചട്ടുണ്ട്.

ഭർത്താവിനെ ആശ്രയിച്ച് മാത്രം ഒരു കുടുംബം മുന്നോട്ട് പോകില്ലയെന്ന അറിവ് പ്രത്യേകിട്ട് ഉത്തരവാദിത്വമില്ലാത്തവനാണെങ്കിൽ എന്ന് എന്നെപ്പോലെ തന്നെ എന്റെ കൂട്ടുകാർക്കും ഞാൻ മനസ്സിലാക്കി കൊടുത്തു. ഞങ്ങളുടെ പട്ടക വർഗ്ഗക്കാർ കൂടുതൻ കൂട്ടുകാർക്കും ഞാൻ മനസ്സിലാക്കി കൊടുത്തു.

ഞങ്ങളുടെ പട്ടിക വർഗ്ഗക്കാർ കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളുടെ ഒരു ശാപമാണ് വ്യാജമദ്യനിർമാണം. നാളുകൾക്ക് മുമ്പ് കുടിൽ വ്യവസായം പോലെയായിരുന്നു അത്. പക്ഷെ അതിനെതിരെ ശക്തമായി പ്രതികരിക്കാൻ സംഘത്തിൽ പ്രവർത്തിക്കുന്ന ഞങ്ങൾ കുറെ പേർക്ക് കഴിഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ ആ ശാപത്തിൽ നിന്ന് ഞങ്ങളുടെ പ്രദേശം ഒട്ടാകെ മുക്തമായി വരുന്നു.

ഇനിയും ഏറെ എനിക്ക് ചെയ്യാനുണ്ട് എന്ന് എനിക്കറിയാം. എന്റ്എ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. എന്റെ ചെറിയ അറിവുകൾ എന്റെ പ്രദേശത്തെ എല്ലാ ആളുകൾക്കും ഞാൻ പങ്കുവയ്ക്കുന്നു. എന്നാൽ കഴിയുന്ന സഹായം എല്ലാവർക്കും ചെയ്തു കൊടുക്കുന്നു. ഇതിനെല്ലാം എന്നെ സഹായിക്കുന്നത് സംഘത്തിലെ വർഷങ്ങളായുള്ള പ്രവർത്തനപരിചയമാണ്.

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏതാണ്ട് എല്ലാവരേയും പങ്കെടുപ്പിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാവരും ബാങ്ക് അക്കൗണ്ട് തുറന്ന് തൊഴിൽ കാർഡ് എടുത്ത് പണികളിൽ ഭാഗഭാക്കാവുന്നു. ഒരു സി.ഡി.എസ്. അംഗം എന്ന നിലയിൽ എന്റെ രണ്ടാം വാർഡിന് അനവധി കാര്യങ്ങൾ

എനിക്ക് ചെയ്യാൻ സാധിക്കും എന്ന് അറിയാം. ഞാൻ എന്റെ കഴിവിന്റെ പരമാവധി അതിനായി പരിശ്രമിക്കും.

സാമ്പത്തികമായും സാമൂഹികമായും പിന്നോട്ട് നിൽക്കുന്ന ഞങ്ങളുടെ പ്രദേശത്തിലെ സ്ത്രീകൾക്ക് സംഘങ്ങൾ കൊണ്ട് അനവധി നേട്ടങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളുയെന്ന് അടിവരയിട്ട് പറയട്ടെ

ലീലാമണി രാഘവൻ, (ഉപ്പുതറ ഗ്രാമപഞ്ചായത്ത്)

# തണൽമരം

കുടുംബശ്രീയുടെ 14-ാം വാർഷികത്തോടനുബന്ധിച്ച് ഒരു സ്മരണീക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം തോന്നുന്നു. ഒരു നിമിഷം ഇന്നലകളെക്കുറിച്ച് ചിന്തിച്ചാൽ ഞാൻ എന്തായിരുന്നു എന്നും ഇന്ന് ഞാൻ എത്ര വളർന്നു എന്നും അറിയാൻ സാധിക്കും.

14 വർഷങ്ങൾക്ക് മുൻമ്പ് അധികമാരും അറിയപ്പെടാതെ സ്വന്തമായി ഒരു വരുമാനമാർഗ്ഗമില്ലാതെ വീട്ടുകാര്യങ്ങളിൽ മാത്രം ശ്രദ്ധവച്ച് ജീവിക്കുന്ന കാലഘട്ടം. സ്വന്തമായി ഒരു സ്ഥലത്തു പോകുവാനോ ഒരു സാധനം വാങ്ങുവാനോ ഒരു ഏഫീസിൽ കയറി കാര്യം സാധിക്കാനോ നാല് പേർകൂടുന്നിടത്ത് ഒന്നു സംസാരിക്കാനോ ഭയം തോന്നിയിരുന്ന കാലം.

പഞ്ചായത്തിനെക്കുറിച്ചോ വില്ലേജിനെക്കുറിച്ചോ അവിടുത്തെ പ്രവർത്തനത്തിനെകുറിച്ചോ അറിയില്ലായിരുന്നു. ഒന്നറിയാൻ താത്പര്യപ്പെടുകപോലും ചെയ്തിരുന്നില്ല ഈ കാലഘട്ടത്തിലാണ് എൻ വാർഡിൽ കുടുംബശ്രീക്ക് രൂപം കൊണ്ടത്. സ്ത്രീകളുടെ ഒരു കൂട്ടായ്മ ആയതുകാരണം നാല്ക്കവലകളിലും ചായക്കടയിലും നാലുപേർകൂടുന്നടത്തും സ്ത്രീകളെ വിമർശിക്കുകയും ചെമ്മീൻ ചാടിയാൽ മുട്ടോളം പിന്നേയും ചാടിയാൽ ചട്ടിയോളം എന്ന പഴഞ്ചൊല്ല് ആവർത്തിച്ചു കൊണ്ട് കൂടിയാൽ 6 മാസം അല്ലെങ്കിൽ ഒരു വർഷത്തേക്ക് എന്ന് ജനം വിധിയെഴുതി. സ്ത്രീകളുടെ ഈ പ്രവർത്തനത്ത് നിരീക്ഷിച്ചു കൊണ്ട് ഒരു വർഷക്കാലം ഞാൻ കാത്തിരുന്നു.

മടിച്ച് മടിച്ച് ഞാനും കുടുംബശ്രീയിൽ അംഗമായി. 6 മാസം കഴിഞ്ഞപ്പോൾ സംഘത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ചു. തുടർന്ന് എ.ഡി.എസിന്റെ പ്രസിഡന്റായി, സി.ഡി.എസ്സ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. കുടുംബശ്രീ പ്രവർത്തനം എങ്ങനെ മുമ്പോട്ടു കൊണ്ടുപോകണം എങ്ങനെ പ്രവർത്തിക്കണം എന്ന് ജില്ലാമിഷന്റെ, ക്ലാസ്സിലൂടെയും പരിശീലനത്തി ലൂടെയും മനസ്സിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിൽ ആശ്രയിച്ച് പ്രവർത്തിക്കാൻ തുടങ്ങി .

കുടുംബശ്രീയിൽ പ്രവർത്തിക്കാൻ തുടങ്ങിയതിൽ പിന്നെ ആദ്യമായി ഗ്രാമസഭകളിൽ പങ്കെടുത്തു. കുടുംബശ്രീ മുഖേന ലഭിക്കുന്ന

ആനുകൂല്യങ്ങളെക്കുറിച്ച് അറിഞ്ഞതിലൂടെ അർഹതപ്പെട്ടവർക്ക് അവ എത്തിച്ചു കൊടുക്കണം എന്നായി എന്റെ ചിന്ത.

സി.ഡി.എസ്സ് മെമ്പറായി ഒരു വർഷം ആകുന്നതിന് മുമ്പ് കുടുംബശ്രീയിൽ ആശ്രയ പദ്ധതി നടപ്പിലാക്കാൻ തൂരുമാനിച്ചു. അതിനായി സർവ്വേക്ക് പോയപ്പോൾ പലവീടുകളിലും ചെല്ലുമ്പോൾ കരളലിയിക്കുന്ന കാഴ്ചകളും, അവരുടെ വേദനകളും നേരിൽകണ്ട് മനസ്സിലാക്കാൻ സാധിച്ചു. അപ്പോൾ മാത്രമാണ് ഇങ്ങനെ നമ്മടെ സമൂഹത്തിൽ ആളുകൾ താമസിക്കുന്നു എന്ന് മനസ്സിലായത്. അപ്പോൾ എന്റെ മനസ്സിൽ ഒരു ചിന്ത കടന്നുവന്നു. എന്റെ കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഒരു വ്യക്തിയെങ്കിലും ഒന്നു തലചായ്ക്കാൻ വീടോ ഒരു സ്വാന്തനമേകാൻ സാധിച്ചാൽ അതായിരിക്കും എനിക്ക് ലഭിക്കുന്ന സമ്മാനം എന്ന്.

അങ്ങനെ സർവ്വേക്ക് ഒരു വീട്ടിൽ ചെല്ലുമ്പോൾ കുടുംബനാഥൻ പനിയായി പുതപ്പ് ഇല്ലാത്തതുകാരണം ചാക്കിന്റെ അകത്ത് ചുരുണ്ടുകിടക്കുന്നു. വീട് നനഞ്ഞൊലിക്കുന്നു. വീടിന്റെ ഭിത്തിയില്ലായിരുന്നു, സ്വന്തമായി പേരിൽ സ്ഥലം ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിൽ നിന്നും വീട് അനുവദിക്കില്ല. ആ ദയനീയവസ്ഥ മനുഷ്യ സ്നേഹത്തിലേയ്ക്കെന്നെ നയിച്ചു. തുടർന്നും കുടുംബശ്രീയിൽ പ്രവർത്തിക്കാൻ സാധിച്ചാൽ സ്വന്തമായി കയറിക്കിടക്കാൻ ഒരു ഭവനം എന്തു ത്യാഗം ചെയ്തും നേടിയെടുക്കണം എന്നുകരുതി.

ഈ വീട്ടുകാർക്ക് കുറച്ച് സ്ഥലം ഞാൻ കണ്ടെത്തി. അയൽക്കൂട്ടവായ്പയും തികയാതെ എന്റെ താലിമാലയും കൂടി പണയപ്പെടുത്തി അവരുടെ പേരിൽ സ്ഥലം വാങ്ങി. പിന്നീട് വീട് പണിയുന്നതിലേയ്ക്കായി എന്റെ ശ്രദ്ധ. ഒരു പുരുഷൻ നടപ്പിലാക്കുന്ന ഭവനനിർമ്മാണം ഒരു വെല്ലുവിളിയായി ഞാൻ സ്വീകരിച്ചു. ഒരു സ്ത്രീക്ക് നേതൃത്വം കൊടുത്തും സാധിക്കും എന്നെനിക്ക് മനസ്സിലായി. സ്ഥാനം കാണാനും ആളെ വിളിക്കാനും വീട് പണിയാൻ ആളെ കണ്ടെത്താനും ഞാൻ പോയി പണിയാരംഭിച്ചു ജോലിചെയ്യാൻ വരുന്നവർക്ക് ഭക്ഷണം ഞാൻ തന്നെ പാചകം ചെയ്തു. വീട് പണി മുപ്പതിനായിരം രൂപയ്ക്ക് പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥ. എന്തുചെയ്യും എന്നറിയില്ല-ആത്മധൈര്യം ചോർന്നുപോയി. പല വ്യക്തിയോട് ഇക്കാര്യം പറഞ്ഞപ്പോൾ സഹായിക്കാൻ അവർ തയ്യാറായി. അങ്ങനെ വീട് പണി പൂർത്തീകരിച്ചു. അവർ സന്തോഷത്തോടെ ഇന്നാ വീട്ടിൽ കഴിയുന്നു. ഇതു പോലെ എന്റെ വാർഡിൽ

മൂന്ന് വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ഈ മൂന്ന് പേർക്കും പഞ്ചായത്തിൽ നിന്ന് വീട് ലഭിക്കില്ലായിരുന്നു.

അതുപോലെ നഴ്സിങ്ങിന് പണം സാമ്പത്തിക ബുദ്ധിമുട്ട് കാരണം പരീക്ഷയെഴുതാൻ സാധിക്കാതെ തിരിച്ച് പോരുന്ന അവസ്ഥയിൽ അവരുടെ അവസ്ഥ എന്നോട് പറയുകയും എന്റെ പ്രയത്നത്തിന്റെ ഫലമായി അവർക്ക് സാമ്പത്തിക സഹായം എത്തിക്കുവാൻ സാധിക്കുകയും ആ കുട്ടി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ക്യാൻസർ രോഗത്തിനടിമപ്പെട്ട് കാല് മുറിച്ച് മാറ്റി, ആ മുറിപാട് വുഴു അരിക്കുന്ന ഒരു മകൻ, ആ മകനെ നോക്കുന്ന ഒരമ്മ. ഒരു വീടില്ല, വാടകയെക്ക്, വീടെന്ന് പറയാൻ പറ്റില്ല. ഒരു ചാർത്തിൽ കഴിയുന്ന ഒരു കുടുംബം- ആ അമ്മ എന്നെ കാണാൻ കുടുംബശ്രീ ഓഫീസിൽ എത്തി. ഏതൊരു മനുഷ്യന്റെയും ഹൃദയം തകർക്കുന്ന ആ കാഴ്ച. അമ്മ കണ്ണീരോട് എന്നോട് പറഞ്ഞു. തിരുവനന്തപുരം ആശുപത്രിയിൽ എത്തിക്കാൻ സഹായിച്ചാൽ ആ മകൻ മരിക്കുവോളം തിരിച്ചു വരാതെ ആശുപത്രിയിൽ കഴിഞ്ഞോളാം എന്നെ സഹായിക്കണം എന്ന് പറഞ്ഞു. ആ അമ്മയെ പറഞ്ഞ് ആശ്വസിപ്പിച്ച് അവർക്ക് പോകാൻ സാമ്പത്തിക സഹായവും ചിലവിന് വേണ്ട കാര്യം ചെയ്ത് കൊടുത്തു. അപ്പോൾ എന്റെ കാലിൽ കെട്ടിപിടിച്ച് മോളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞു. ക്യാൻസർ രോഗികളെ കാണുമ്പോൾ ഈ സംഭവം എന്റെ മനസ്സിൽ തെളിഞ്ഞു വരും. വിഷമിക്കുന്നവർ സഹായം ആവശ്യപ്പെടുമ്പോൾ തിരിഞ്ഞു നോക്കാൻ പറ്റാത്ത് എന്തു ത്യാഗം ചെയ്തും സഹായിക്കാൻ തോന്നുന്ന മനസ്സ് കുടുംബശ്രീ പ്രവർത്തനത്തിലൂടെ ദൈവം എനിക്ക് നൽകി.

കുടുംബശ്രീ പ്രവർത്തനത്തിലൂടെ എന്നിലുള്ള കഴിവുകളെ മനസ്സിലാക്ക് ആ കഴിവുകളെ വളർത്താൻ പരിശ്രമിച്ചതിലൂടെ മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ നിർമ്മാണത്തിലും അനുഭവക്കുറിപ്പ് മത്സരത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിനർഹയായി.

കുടുംബശ്രീ പ്രവർത്തനത്തിലൂടെ താങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുവാനും അവ നേടിയെടുക്കുവാനും സമൂഹത്തിന് നേടിക്കൊടുക്കുവാനും സഹോദര സ്നേഹത്തിൽ വളരുവാനും അവരുടെ ദുഃഖങ്ങളിൽ പങ്കു ചേരാനും കൂട്ടായ്മയിൽ നിലനിൽക്കാനും ജീവിതത്തിൽ പ്രശ്നങ്ങൾ വരുമ്പോൾ മനോധൈര്യത്തോടെ നേരിടാനും അനീതിയിൽ

പ്രതികരിക്കാനും ഏതൊരു ഓഫീസിൽ കയറിച്ചെല്ലാനും കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും പല ക്ലാസ്സുകൾ സംഘടിപ്പിക്കാനും ഒരു നേതൃത്വം നൽകാനും സാധിക്കുന്നു. പല കാര്യങ്ങൾക്കായി ഞാൻ ഒരിക്കലും പോകാത്ത സ്ഥലത്ത് ഒറ്റയ്ക്ക് പോകാൻ സാധിച്ചു.

എന്റെ കുടുംബശ്രീ പ്രവർത്തനത്തിൽ മങ്ങാതെ മായാതെ എനിക്ക് ഒരിക്കലും മറക്കാൻ സാധിക്കാത്ത് അഭിമാനിക്കാൻ സാധിക്കുന്ന ഒരനുഭവമാണ് 4 വർഷങ്ങൾക്കുമുമ്പ് എന്നെ തേടിയെത്തിയത്. ഒരു ചെവ്വാഴ്ച 2 മണിക്ക് ഒരു ഫോൺ കോൾ കുടുംബശ്രീയിൽ നിന്നും എത്തി. കുടുംബശ്രീ ഓഫീസിൽ എത്രയും പെട്ടെന്ന് എത്തണമെന്നും വരുമ്പോൾ കാര്യം പറയാം എന്നായിരുന്നു. ഞാൻ ഓഫീസിൽ എത്തിയപ്പോൾ ജീവിതം അവസാനിപ്പിക്കാൻ ഇറങ്ങി തിരിച്ച് ഒരമ്മയും 3 മക്കളും. കുടുംബപ്രശ്നം കാരണം ഭർത്താവിന്റെ പീഡനത്താൽ കയറിചെല്ലാൻ ഇടമില്ലാതെ കരഞ്ഞു കലങ്ങിയ കണ്ണും, അടികൊണ്ട് വീർത്ത കവിളുകളും. എവിടെ അഭയം കൊടുക്കും എന്നായി എന്റെ ചിന്ത. ആരും അറിയാതെ കുട്ടികളെ വീട്ടിൽ പറഞ്ഞ് വിട്ട് അമ്മയേയും കൊണ്ട് ഞാൻ എന്റെ വീട്ടിൽ കൊണ്ടുവന്ന് 2 ദിവസം അഭയം നൽകി. തുടർന്ന് സ്ഥിരമായി ഒരഭയസ്ഥാനം കണ്ടെത്തുകയും ഒരു ജീവിത മാർഗ്ഗവും കണ്ടെത്തികൊടുക്കുവാനും സാധിച്ചു. അങ്ങനെ 4 ജീവൻ ഇന്ന് ഈ ഭൂമിയിൽ നിലനിൽക്കുന്നത് കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം രൂപം കൊണ്ടതു കാരണം ആണ്. അവരുടെ സ്നേഹത്തിനു മുന്നിൽ എന്റെ വേദനകളും കഷ്ടപ്പാടുകളും അലിഞ്ഞുപോകും.

ഇങ്ങനെ പ്രവർത്തിച്ചു വരുമ്പോൾ ആരോഗ്യ മേഖലയിലേക്ക് ആശാ പ്രവർർത്തകർക്കായി തെരഞ്ഞെടുക്കപ്പെട്ടു. എന്റെയും എന്റെ സമൂഹത്തന്റെയും ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കുവാനും ക്ലാസ്സുകൾ നടത്തുവാനും രോഗികളെ പരിചരിക്കുവാനും അവസരം ലഭിച്ചു. പാലിയേറ്റീവ് പരിചരണ പരിപാടിയിൽ ഓരോ വീടുകളിലും അവശത അനുഭവിക്കുന്നവർക്ക് സ്വാന്തനമായി, തണലായി പ്രവർത്തിക്കുമ്പോൾ സ്വന്തം മാതാപിതാക്കളെ, സഹോദരി സഹോദരന്മാരെ പരിപാലിക്കുന്ന ഒരവസ്ഥയാണ്. ഓരോ ആഴ്ചയിലും രോഗി സന്ദർശനത്തിന് പോകുമ്പോഴും അവർനമ്മ പ്രതീക്ഷിച്ച് ഇരിക്കുന്ന കാഴ്ചയാണ്- ഇതൊക്കെ അനുഭവിച്ചറിഞ്ഞാൽ മാത്രമേ അതിന്റെ സുഖം സന്തോഷം എന്തെന്ന് അറിയാൻ പറ്റൂ.

ഇതോടൊപ്പം തന്നെ ഞാൻ എൽ.ഐ.സി. ഏജന്റായി പ്രവർത്തിക്കാൻ തുടങ്ങി. അത്യാവശ്യം സാമ്പത്തിക കാര്യങ്ങൾ സാധിക്കണം- കുടുംബശ്രീയിലൂടെ മുന്നേറിയപ്പോൾ ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം എന്റെ കുടുംബശ്രീ മേഖല വർദ്ധിച്ചു.സമൂഹത്തിൽ ഒരു നല്ല സ്ഥാനം ലഭിച്ചു. ആവശ്യത്തിന് സഹായിക്കാൻ വ്യക്തികൾ പല പല കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. അതു പോലെ ട്രെയിനിംങ്, ബോധവത്ക്കരണ ക്ലാസ്സുകൾ പങ്കെടുത്ത് അറിവ് വർദ്ധിച്ചു. പൊതു വേദികളിൽ പ്രസംഗിക്കാൻ പഠിച്ചു.

അതുപോലെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവയ്ക്ക് നേതൃത്വം കൊടുക്കുവാനും സാധിക്കുന്നു. സമൂഹം എന്നെ അംഗീകരിക്കാൻ അവസരം ലഭിച്ചു. സമൂഹത്തിനു മുമ്പിൽ അറിയപ്പെടുന്ന വ്യക്തിയായി. എന്നെക്കാൾ ഉപരിയായി എന്റെ സമൂഹത്തിന് നേട്ടം ഉണ്ടാക്കാൻ സാധിച്ചു.

കുടുംബശ്രീയിൽ പ്രവർത്തിക്കാൻ തുടങ്ങിയതിൽ പിന്നെ സമ്പാദ്യശീലം ഉണ്ടായി. സ്വന്തമായി വരുമാനം ലഭിച്ചു തുടങ്ങി. ആദ്യകാലത്ത് ചേട്ടാ നിക്ഷേപം താ....... മാസവരി താ......... എന്നു ചോദിക്കുന്നതുമാറി ചേട്ടാ രൂപയ്ക്ക് ആവശ്യമുണ്ടോ ഉണ്ടെങ്കിൽ തരാം എന്ന് പറയാൻ സാധിക്കുന്നു. കുടുംബത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, പല ആവശ്യങ്ങളും നടത്തുവാനും സാധിച്ചു.

കുടുംബശ്രീയിൽ നിന്നും മൈക്രോസംരംഭത്തിലൂടെ കട്ടപ്പനയ്ക്ക് ട്രെയിനിംഗിന് പോകുകയും ലോൺ എടുത്ത് പശുവിനെ വളർത്തുകയും ചെയ്തു. ഇപ്പോൾ പശുവിനെ പരിപാലിക്കാൻ സമയം ഇല്ലാത്തതു കാരണം ആട് വളർത്തൽ തുടങ്ങി അതിൽ നിന്നും നല്ലൊരു വരുമാനവും വീട്ടിലേക്ക് ആവശ്യമായ പാലും ലഭിക്കുന്നുണ്ട്..

പല പഠനയാത്രയിലൂടെ പ്രകൃതിയെ മനസ്സിലാക്കാനും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാനും മാലിന്യ നിർമാർജ്ജനത്തിനെ ക്കുറിച്ചുള്ള അറിവും അതനുസരിച്ച് പ്രവർത്തിക്കുവാനും വരും നാളുകളിൽ പ്രവർത്തിക്കും എന്ന് തീർച്ചപ്പെടുത്തി. ഈ യാത്രയിലുടെ ആത്മ സന്തോഷവും പ്രകൃതിയുടെ മനോഹാരിതയും പല സ്ഥാപനങ്ങളും അതിന്റെ പ്രവർത്തനങ്ങളും കണ്ട് മനസ്സിലാക്കാൻ സാധിച്ചു. എന്റെ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് സമൂഹം നൽകിയ വിലയാണ് പഞ്ചായത്ത് മെമ്പർ സ്ഥാനം. കുടുംബശ്രീ അംഗങ്ങൾ രാഷ്ട്രീയം നോക്കാതെ നിന്നു.

എതിർസ്ഥാനാർത്ഥിക്കു ലഭിച്ച വോട്ടിനേക്കാൾ കൂടുതൽ ഭൂരിപക്ഷത്തിൽ എന്നെ വിജയിപ്പിച്ചു.

ഇത്രയും വളർച്ചയുടെ കാര്യെ പറയുമ്പോൾ ഒരു പിടി ദുഃഖങ്ങളും ഒറ്റപ്പെടുത്തലുകളും നേരിടേണ്ടിവന്നിട്ടുണ്ട്.

ഒരു വ്യക്തിയെ ഇത്രത്തോളം എത്തിക്കാൻ കഴിവുള്ള കുടുംബശ്രീ, ഭരണ ചക്രത്തിലെ ഒരു കണ്ണിയായി മാറിയ കുടുംബശ്രീ വളർന്ന് താങ്ങായ് തണലായ് മാറട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഇതിനായി പ്രവർത്തിക്കുന്നവർക്ക് നന്ദി അർപ്പിച്ചു കൊണ്ട് നിർത്തുന്നു.

മിനി ടോമി

(പുറപ്പുഴ ഗ്രാമപഞ്ചായത്ത്)

# തളിരിട്ട വസന്തം

തിരക്കിട്ട ജീവിതത്തിനിടയിലും കുറേ നിമിഷങ്ങൾ ചിന്തിച്ചിരുന്നപ്പോളാണ് പലതിനെക്കുറിച്ചും ആലോചിച്ചത്. കാരണം ഞാൻ എങ്ങനെ ഇങ്ങനെയായി , എന്നെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നിലയിൽ എന്തെല്ലാം കാര്യങ്ങളിൽ വ്യാപൃതമായിരിക്കുന്നു. ഏതാണ്ട് 10 വർഷം മുമ്പ് വരെ എന്റെ ജീവിതം വീടിനുള്ളിൽ ഒതുങ്ങികഴിഞ്ഞിരിക്കുന്ന പ്രകൃതം , അധികമാരുമായും ഇടപഴകാത്ത് സ്വഭാവം. ഗ്രാമസഭയിൽ പോകുന്നതിനുപോലും ബുദ്ധിമുട്ടായിരുന്നു.

എന്നാൽ കുടുംബശ്രീയിൽ പ്രവ്രത്തിച്ചു തുടങ്ങിയതിനുശേഷം നമ്മുടെ ജീവിതത്തിലെ പല സാധ്യതകളും എങ്ങനെ പ്രയോജനപ്പെടുത്താം എന്നതു മനസ്സിലായി. പലവിധ ദാരിദ്രത്തിലും കഷ്ടപ്പാടിലും പെട്ട് ഉഴലുന്ന ആളുകളായിരുന്ന ഗ്രൂപ്പിൽ. 10 രൂപ നിക്ഷേപം എന്നു പറയുന്നതു പോലും ബുദ്ധിമുട്ടുള്ളതായിരുന്നു. വിവിധ ക്ലാസ്സുകൾ, ക്കൂട്ടായ പ്രവർത്തനങ്ങൾ സംഘടിത സാമ്പത്തിക ഭദ്രത മുതലായ കാര്യങ്ങൾ ജീവിതത്തിൽ പലതരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാതക്കിയെടുക്കാൻ കഴിഞ്ഞു.

ഒരിക്കൽ ഒരു സംഭവമുണ്ടായി. ഞങ്ങളുടെ കുടുംബശ്രീ യൂണിറ്റിന്റെ പ്രദേശം ഒരു കോളനിയായിരുന്നു. അതിനാൽ തന്നെ 2 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കുടുംബശ്രീ അംഗങ്ങളുടെ ഭർത്താക്കന്മാരിൽ മിക്കവരും ചേർന്ന് ഒരു ചീട്ടുകളി സംഘം പ്രവർത്തിച്ചിരുന്നു. ഇതൊരു പതിവായതിനാൽ ഇങ്ങനെ വിട്ടാൽ പറ്റില്ല, ഗ്രൂപ്പുകളിൽ നീണ്ട ചർച്ചയ്ക്ക് ശേഷം 2 ഗ്രൂപ്പുകളും ചേർന്ന് ഒരു പരാതി എഴുതി കൊടുക്കാമെന്ന് തീരുമാനിച്ചു. ഞങ്ങൾ 2 ഗ്രൂപ്പുകളിലേയും ആൾക്കാർ പരാതിയെഴുതി 44 പേരും ഒപ്പിട്ടു. ഇനി പൂച്ചയ്ക്ക് ആരു മണികെട്ടും. പലർ പലരുടെയും പേരുകൾ നിർദ്ദേശിച്ചു. ആദ്യം ആരും തയ്യാറായില്ല. എതായാലും ഞാൻ അതിനായി തയ്യാറായി ആ വീട്ടിൽ ചെന്നപ്പോൾ ചീട്ടുകളി നടക്കുന്നു. കുടുംബശ്രീയംഗത്തിന്റെ വീടായതുകൊണ്ട് ധൈര്യസമേതം ഞാൻ വിളിച്ചു. കുടുംബനാധൻ ഇറങ്ങി വന്നപ്പോൾ ആ പരാതി കൊടുത്തു. ഞാൻ വേഗം സ്ഥലം കാലിയാക്കി. അന്നു വൈകുന്നേരം ആപരാതിയിൽ എല്ലാവരേയും ആക്ഷേപിച്ചുവെങ്കിലും അന്നുമുതൽ അങ്ങനെയൊരു സംഭവം ആ പ്രദേശത്ത് ഇന്നുവരെഉണ്ടായിട്ടില്ല എന്നു മാത്രമല്ലസമാധാനത്തോടെ ആകുടുംബം

കഴിയുന്നു. അന്നത്തെ ആ ചെറിയ ധൈര്യം ഇന്ന് വളരെ ആത്മാഭിമാനം തരുന്നു.

ജെൻഡർ റിസോഴ്സ് പേഴ്സണായി പ്രവർത്തിക്കുന്നതുതന്നെ വലിയൊരു കാര്യമായി ഞാൻ കരുതുന്നു. ഒരുപാട് ആൾക്കാരുമായി ഇടപഴകാൻ കഴിയുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങൾ ശ്രവിക്കുമ്പോൾസ നമ്മുടെ ദുഃഖം ഒന്നുമല്ലതായിതോന്നും. ആർക്കും എന്റെയടുത്ത് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഏതുസമയത്തും എന്താവശ്യമായി എതലാകും വിധം അവരെ സഹായിക്കുന്നതിനും വേണ്ടമാർഗ്ഗങ്ങൾ കൊടുക്കുന്നതിനും ഇപ്പോളെനിക്ക് സാധിക്കുന്നു. അങ്ങനെ ലഭിക്കുന്ന സ്നേഹം, ആത്മാർത്ഥത ഒരിക്കലും വിലകൊടുത്താൻ കിട്ടാത്തതാണ്.

ജെൻഡറിന്റെ ഒരു പ്രവർത്തന പ്രോഗ്രാമിന്റെ ഭാഗമായി ഞാൻ കുട്ടിക്കാനത്ത് പോകാനിടയായി. ഞാൻ ഒരിക്കലും പോകാത്ത് ഒരു സ്ഥലം. ഒന്നു പോകാൻ ഒരുപാട് ആഗ്രഹിച്ച സ്ഥലം. പ്രകൃതി രമണീയമായ ഒരുപാട് കാഴ്ചകൾ ഉള്ള സ്ഥലമാണ്. എനിക്ക് കിട്ടിയ ആ യാത്ര തികച്ചും സൗജന്യമായി പോകുക എന്നത് എന്നെ കുറച്ചൊന്നുമല്ല സന്തോഷിപ്പിച്ചത്. ആ യാത്രയുടെ മടക്കത്തിൽ ഞാനറിഞ്ഞു. അടുത്ത വനിതാ ദിനാഘോഷത്തിൽ വിവിധ മത്സരപരിപാടികൾ ഉണ്ടെന്ന്. ഞാൻ അന്വേഷിച്ചപ്പോൾ എനിക്ക് പറ്റിയത് ഒരെണ്ണം മാത്രം ഒരു യാത്രാ വിവരണം. ഇതൊരവസരമായി ഞാൻ കണ്ടു. എന്റെ കുട്ടിക്കാന യാത്രയുടെ ഒരു വിവരണം തയ്യാറാക്കി. ആ അവസരത്തിൽ എനിക്ക് വീട്ടിലെ അത്യാവശ്യങ്ങളും ആശുപത്രക്കേസുമായി കഴിഞ്ഞിരുന്നതുകൊണ്ട് ചെയർപേഴ്സൺ ആവശ്യപ്പെട്ട സമയത്തിനുള്ളിൽ യാത്രാവിവരണം തയ്യാറാക്കാൻ സാധിച്ചെങ്കിലും വെറും അരമണിക്കൂർ കൊണ്ട് ഞാൻ തയ്യാറാക്കിയ യാത്രാവിവരണം തയ്യാറാക്കാൻ സാധിച്ചില്ലെങ്കിലും വെറും അരമനിക്കൂർ കൊണ്ട് ഞാൻ തയ്യാറാക്കിയ യാത്രാവിവരണം ജില്ലയിലെ തന്നെ ഒന്നാം സ്ഥാനത്തേക്ക് എത്തിച്ചുവെന്നത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായി.

ഞാൻ ഉൾപ്പെടുന്ന ജെ.എൽ.ജി ഗ്രൂപ്പിൽ ഇപ്പോൾ വാഴ, നെല്ല,കപ്പ, പയർ എന്നീ കൃഷികളൊക്കെ ചെയ്തു വരുന്നു. ആദ്യമായി നെൽകൃഷി ചെയ്തപ്പോൾ ബുദ്ധിമുട്ടു തോന്നിയിരുന്നെങ്കിലും പിന്നീട് വളരെ സന്തോഷം തോന്നി. ഇതൊരു നിസ്സാരകാര്യമല്ല, കാരണംവിഷയം ഇല്ലാത്തതും ഗുണമേന്മയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ സ്വന്തമായുത്പാദിപ്പിച്ച്

കഴിക്കാൻ പറ്റുന്നത് വലിയൊരു കാര്യം തന്നെയാണ്. മഴക്കാലം ഞങ്ങളുടെ വീടുകളിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഞങ്ങൾക്ക് മഴക്കാലം കഴിഞ്ഞുകൂടുന്നതിന് ഭക്ഷണപദാർഥങ്ങളുടെ കാര്യത്തിൽ ബുദ്ധിമുട്ടില്ല. കാരണം നെല്ലും കപ്പയും ഞങ്ങൾക്ക് സ്റ്റോക്കു ചെയ്യുന്നു. കൂടാതെ ഓരോ കൃഷിയ്ക്കും സബ്സിഡിയും വായ്പയും ലഭിക്കുന്നതുകൊണ്ട് കൃഷിചെയ്യുന്നതിനും ഉത്സാഹം തോന്നാറുണ്ട്. നിത്യ ജീവിതത്തിൽ നമ്മൾ നേരിടുന്ന അല്ലെങ്കിൽ സ്ത്രീ ജനങ്ങളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങളുമുണ്ട് മന്നുടെ ഇടയിൽ. ഇതിനെല്ലാമുപരി നമ്മുടെ അവകാളങ്ങളും സ്വാതന്ത്ര്യവും തുടങ്ങിയ കാര്യങ്ങളെകുറിച്ച് ഒന്നും അറിയില്ലായിരുന്നു. എന്നാൻ വിവിധങ്ങളായ ക്ലാസ്സുകളിലൂടെസ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ, അവരുടെ അവകാഷം സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ മുതലായവ നിയമപരമായ കാര്യങ്ങൾ ധാരാളം പഠിക്കുവാൻ കഴിഞ്ഞു.

കേരളത്തിലെ 14 ജില്ലകളിൽ എവിടെപ്പോകാനും ഒരു ധൈര്യം എനിക്ക് തോന്നുന്നുണ്ട്. കാരണം പല ക്ലാസ്സുകളിലും ജില്ലയിലെ പലരുമായും പരിചയപ്പെടാനും സൗഹൃദം സ്ഥാപിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതൊന്നും ഞാൻ സ്വപാനത്തിൽ പോലും വിചാരിച്ചിരുന്നതല്ല. ഇപ്പോൾ ഇതൊക്കെയൊരു അത്ഭുതമായി തോന്നുന്നു. ഇങ്ങനെ പലവിധമായ ദാരിദ്രമനുഭവിക്കുന്ന ഏതൊരു കുടുംബത്തിനും ആശ്രയിക്കാവുന്ന ഒരു കച്ചിത്തുരുമ്പായി നിലകൊള്ളുന്ന കുടുംബശ്രീയെന്ന മഹാസാഗരത്തിൽ ഒരു ചെറുമീനായി നീന്തിതുടിക്കുമ്പോൾ ഞാൻ അഭിമാനം കൊള്ളുന്നു.

അമ്പിളി ജോൺ (ലൂസി ജോൺ)
(പുറപ്പുഴ ഗ്രാമപഞ്ചായത്ത്)

എന്റെ പേര് സുജ മനോജ്. കുറവാക്കയം വാർഡിലെ സൗഹൃദയ കുടുംബശ്രീ യൂണിറ്റിലെ ഒരംഗമാണ് ഞാൻ. ഞങ്ങൾ 12 പേർ ചേർന്ന് രണ്ട് വർഷം മുമ്പാണ് ഒരു കുടുംബശ്രീ യൂണിറ്റ് ആരംഭിച്ചത്. ഞാൻ കുടുംബശ്രീയിൽ വരുന്നതിന് മുമ്പും എനിക്ക് സ്വന്തമായി സമ്പാത്യങ്ങളൊന്നുമില്ലായിരുന്നു.. മാത്രമല്ല വീടിന് പുറത്തേക്ക് എനിക്ക് സൗഹൃദങ്ങളൊന്നുമില്ലായിരുന്നു. ഒരാവശ്യത്തിനും തനിയെ ഞാൻ പോയിരുന്നില്ല. എല്ലാത്തിനും ഞാൻ ഭർത്താവിന്റെ സഹായം തേടുമായിരുന്നു. തനിയെ മറ്റുള്ളവരെ അഭിമുഘീകരിക്കുവാൻ ബുദ്ധിമുട്ടായിരുന്നു. കാരണം കുടുംബത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടാൽ അത് തരണം ചെയ്യാൻനിക്ക് യാതൊരു പങ്കുമില്ലായിരുന്നു.

ഇപ്പോൾ രണ്ട് വർഷത്തിനുശേഷം എനിക്ക് വളരെയധികം സന്തോഷമുണ്ട്. കാരണം ഇപ്പോൾ ചെറുതെങ്കിലും ഒരു സ്വന്തം നിക്ഷേപം ഉണ്ട്. കുടുംബശ്രീ യൂണിറ്റിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ ലോൺ ലഭിക്കുന്നതിനാൽ കുടുംബത്തിലുണ്ടാവുന്ന ചെറിയ സമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ടെയ്യാൻ എനിക്ക് എന്റെ ഭർത്താവിനെ സഹായിക്കാൻ കഴിയുന്നു. ഇപ്പോൾ എവിടെ പോകാനും എനിക്ക് യാതൊരു സങ്കോചവുമില്ല. ഗ്രാമസഭകളിൽ ഞാൻ പങ്കെടുക്കാറുണ്ട്. അങ്ങനെ നമ്മുക്ക് ഗവൺമെന്റിൽ നിന്നും പഞ്ചായത്തുവഴി ലഭിക്കുന്ന സഹായങ്ങളെക്കുറിച്ച് നന്നായി അറിയാൻ കഴിഞ്ഞു. കൂടാതെ എല്ലാ കുടുംബശ്രീ മീറ്റിഗുകളിലും ഞാൻ പങ്കെടുക്കാറുണ്ട്. ഇപ്പോൾ എനിക്ക് മനസ്സിലായി നമ്മുക്ക് ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന പല ആനുകൂല്യങ്ങളും കുടുംബശ്രീ വഴിയാണ് നമ്മളിൽ എത്തിച്ചേരുന്നതെന്ന് എനിക്ക് ഇപ്പോൾ നല്ല ആത്മവിശ്വാസമുണ്ട്. എന്നെ ഇതിനൊക്കെ പ്രാപ്തിയാക്കിയത് കുടുംബശ്രീയാണ്.

കുടുംബശ്രീ മൂലം ഞങ്ങളുടെ പ്രദേശത്തുള്ള ആളുകളിൽ ഒരു കൂട്ടായ്മ ഉണ്ടായിട്ടുണ്ട്. ഇത് ഞങ്ങളുടെ സംഘബലം വർദ്ധിപ്പിച്ചു. കുടുംബശ്രീയിൽ അംഹമായതിൽ ഞാനിന്ന് അഭിമാനിക്കുന്നു. ഞാനിന്ന് കുടുംബശ്രീയുടെ കുറുവാക്കയം വാർഡിലെ എ.ഡി.എസ്. സെക്രട്ടറിയാണ്.

സുജ മനോജ്
സൗഹൃദ കുടുംബശ്രീ യൂണിറ്റ്
കുറവാക്കയം
(വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്)

# അനുഭവക്കുറിപ്പ്

കഴിഞ്ഞ മൂന്ന് വർഷക്കാലമായി റോസ്മേരി കുടുംബശ്രീയിൽ അംഗമാണ്. ബാലസഭ അംഗമായിരുന്നു കഴിഞ്ഞ ചില വർഷങ്ങളിൽ. പക്ഷെ ഒരു പ്രോഗ്രാമുകൾ പോലും നടത്തുവാനോ ഓരു കാര്യത്തിലും താത്പര്യമില്ലായിരുന്നു. പക്ഷേ കുടുംബശ്രീയിൽ മൂന്ന് തവണ ബാലസഭ ക്യാമ്പുകളിലും കുടുംബശ്രീ ക്യാമ്പുകളിലും പങ്കെടുത്തു. അതുമൂലം മൂന്ന് വാർഡുകളിൽ ബാലസഭ പുനരൂപീകരിക്കുവാനും മീനാ കമ്മ്യൂണിക്കേഷൻ എന്ന ക്ലാസ്സ് എടുക്കുവാനും സാധിച്ചു. കുടുംബശ്രീയിലൂടെ സംഘകൃഷികൾ നടത്തുവാൻ സാധിച്ചു. കൂട്ടായ ഐക്യത്തിലൂടെ എല്ലാ വർഷങ്ങളിലും പച്ചക്കറി,ഇഞ്ചി കൃഷിചെയ്യുന്നുണ്ട്. സ്ത്രീകളുടെ അവകാശവും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും അടിച്ചമർത്തപ്പെട്ട സ്ത്രീകൾക്കുള്ളജോലിയും ഇതേപോലെയുള്ള പൊതു അറിവുകൾ ചർച്ചചെയ്യാനും അതിനു പ്രതിവിധി കണ്ടെത്താനും സാധിച്ചുവരുന്നു. കുടുംബശ്രീയിൽ അംഗമായതിനുശേഷം ചില സ്ത്രീകളുടെ കുടുംബങ്ങളിൽ കഷ്ടങ്ങൾ അനുഭവിക്കുന്നരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞു. ഞങ്ങളുടെ വാർഡിൽ എല്ലാ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് മദ്യം വിറ്റു കൊണ്ടിരുന്ന കടകളെ ഇതര രാഷ്ട്രീയ നേതാക്കന്മാർ ചേർന്ന് ഇതര മതനേതാക്കന്മാരുടെ ആഭിമുഖ്യത്തിൽ ഒഴിപ്പിക്കാൻ സാധിച്ചു. കൂടുതൽ അറിവുകളും കുടുംബശ്രീ വഴി നേടി. തൊഴിലുറപ്പുകളും കുടുംബശ്രീമൂലം നടത്താൻ സാധിച്ചു. നല്ല അനുഭവം തന്നെ കുടുംബശ്രീ എന്റെ ജീവിതത്തിനു വഴിയൊരുക്കി

എന്ന്,

എലിസബത്ത്
(ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്)

## പ്രതീക്ഷ കുടുംബശ്രീ

എന്റെ പേര് ബിന്ദു വിക്രമൻ, 5-ാം വാർഡിൽ കൊല്ലംകുന്ന് ഭാഗത്ത് പഞ്ചായത്ത് തലത്തിൽ ഒരു കുടുംബശ്രീ രൂപീകരിക്കണമെന്ന് അതിനായി ആഗ്രഹിക്കുകയും അതിനനുസരിച്ചുള്ള ഞങ്ങളുടെ അടുത്തുള്ള അംഗങ്ങളോടും ഇത് പറഞ്ഞ് അന്നു തന്നെ വാർഡ് മെമ്പർ ശ്രീ രാജേഷ്.കെ യുടെ അദ്ധ്യക്ഷതയിൽ 2000-ത്തിൽ ശ്രീ.ബിൻസ് മാത്യു വന്ന് ഞങ്ങൾക്ക് അയൽക്കൂട്ടം രൂപീകരിച്ചു തന്നു.

അയൽക്കൂട്ടത്തിന് പ്രതീക്ഷ കുടുംബശ്രീ എന്ന് പേരിട്ടു. ഈ യൂണിറ്റിലെ സെക്രട്ടറിയായി എന്നെ തിരഞ്ഞെടുത്തു., അതിനുശേഷം ഗ്രൂപ്പിന്റെ പ്രവർത്തനത്തിൽ നാളിതുവരെ എനിക്ക് നല്ലരീതിയിൽ പ്രവർത്തിച്ചുവരുവാൻ അവസരം ലഭിച്ചു. 4 വർഷം സെക്രട്ടറിയായി എ.ഡി.എസ്സ് അംഗം, സി.ഡി.എസ്.അംഗം എന്നീ നിലകളിലായി പ്രവർത്തിക്കാൻ എനിക്ക് സാധിച്ചു. വർക്കിംഗ് ഗ്രൂപ്പ് അംഗമായി പഞ്ചായത്തിൽ സ്ത്രീകൾക്ക് സാമ്പത്തികമായി ഒരു മുന്നേറ്റം ഉണ്ടാവുന്നതിന് സംരംഭകരെ കണ്ടെത്തുകയും അതിൽ ഒരു അംഗമാവുകയും ചെയ്തു.

ഈ അയൽക്കൂട്ടത്തിൽ അംഗമാകുന്നതിന് മുമ്പ് രണ്ട് ആളുകളോട് നേരെ നിന്ന് സംസാരിക്കുവാൻ ഉള്ള കഴിവ് എനിക്ക് ഇല്ലായിരുന്നു. ഇപ്പോൾ ജില്ലാ തലത്തിൽ ആർ.എ. ആയി പ്രവർത്തിക്കുവാൻ ഈശ്വര കാരുണ്യത്തിൽ സാധിക്കുന്നു. 3 വർഷം ആർ.പി.യായി ഇടുക്കി ജില്ലയിലെ മിക്കപഞ്ചായത്തുകളിലും ഇന്റർനെറ്റ് പരിശീലനം, ആക്ഷൻപ്ലാൻ എന്നിവയുടെ ക്ലാസ്സ് എടുക്കുന്നകിന് ഉള്ള കഴിവ് ഈ കുടുംബശ്രീയിലുടെ സാധിച്ചു. മറ്റുള്ളവരെ മനസ്സിലാക്കാനും അവരെ അറിയുന്നതിനും മറ്റുള്ളവരെ മനസ്സിലാക്കുന്നതിനും, മറ്റുള്ളവരുടെ ഏതൊരു പ്രശ്നവും നമ്മുടെ പ്രശ്നമാണെന്നുള്ള തിരിച്ചറിവ് ഇതിലൂടെ ഉണ്ടായി. മറ്റുള്ളവരെ സഹായിക്കുവാനും പ്രശ്നത്തിന് പരിഹാരം കണ്ടെത്തി കൊടുക്കുന്നതിന് സാധിച്ചു. ഇപ്പോൾ ഏതൊരു ഓഫീസിലും ചെന്ന് ഓഫീസ് പരമായ കാര്യവും സാധിക്കുന്നതിനുള്ള കഴിവ് ആർജിച്ചു.

അതിനുശേഷം വിവിധ വാർഡുകളിൽ അയൽക്കൂട്ടം രൂപീകരിക്കുന്നതിന് സാധിച്ചു. സാമ്പത്തികമായി ഇപ്പോൾ 1000 രൂപാ മുതൽ 25000 രൂപാ വരെ

ഞങ്ങളുടെ അയൽക്കൂട്ടത്തിൽ നിന്നും സ്വന്തം ജാമ്യത്തിൽ എടുക്കുന്നതിനുള്ളസാഹചര്യം ഇന്ന് ഞങ്ങൾക്കുണ്ട്. കൂടാതെ ഇന്നു വരെ കൃഷിയിൽ താൽപര്യമില്ലാതിരുന്ന എനിക്ക് അതിൽ താൽപര്യം ഉണ്ടാവുകയും, സെലീനാമ്മ സാറിന്റെ ക്ലാസ്സ് പ്രയോജനപ്പെടുത്തി എഞ്ചിനിയറിംഗ് കോളേജിൽ 1 1/2 ഏക്കർ സ്ഥലത്ത് 5 പേർക്കൂടി നെൽ കൃഷി നടത്തുകയും കൃഷി പരാജയമായിരുന്നാലും ജില്ലാ മിഷനിൽ നിന്നും പഞ്ചായത്തിൽ നിന്നും സാമ്പത്തികമായി സഹായം കൂടാതെ ഇപ്പോൾ അത് എനിക്കും എന്റെ കൂട്ടുകാർക്കും ആശ്വാസമായിരുന്നു. കൂടാതെ ഇപ്പോൾ കപ്പ കൃഷി ചെയ്യുന്നു. എന്റെ വീട്ടിലും 4 മൂട് കപ്പ് നട്ടു. ചീനി, ചേന എന്നിവകൾ നടുവാൻ ഈ കൃഷി പ്രയോജനപ്പെട്ടു.

മുട്ടം സഹകരണ ബാങ്കിൽ ഒരു മെമ്പർ സ്ഥാനത്തേക്ക് മത്സരിക്കുന്നതിന് അവസരം ലഭിക്കുകയും അവിടെ പരാജയപെടുകയും ചെയ്തു. എങ്കിലും ആയിരത്തിനടുത്ത് ആളുകൾ എന്നെ അംഗീകരിക്കുന്നുണ്ട്. എന്നുള്ളത് എനിക്ക് പ്രവർത്തിക്കുവാൻ കൂടുതൻ ആത്മവിശ്വാസം തന്നു.

ഇപ്പോൾ കുടുംബശ്രീ ചെയർപേഴ്സണായി പ്രവർത്തിക്കുവാൻ അവസരം ലഭിക്കുകയും മുട്ടം കുടുംബശ്രീയെ ഒന്നാം സ്ഥാനത്തേക്ക് എത്തിക്കുന്നതിന് എന്റെ ചെറിയ പ്രവർത്തനം കാഴ്ച വയ്ക്കുവാനും സാധിച്ചു. നല്ല ,സി.ഡി.എസ്സ് അംഗങ്ങളെ കിട്ടി.

എല്ലാത്തിനും നന്ദി അർപ്പിച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ബിന്ദു വിക്രമൻ
(മുട്ടം ഗ്രാമപഞ്ചായത്ത്)

## അനുഭവക്കുറിപ്പ്

ഞാൻ വിജയശ്രീ കുടുംബശ്രീ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. എ.ഡി.എസ് ചെയർപേഴ്സണായി തെരഞ്ഞെടുക്കപ്പെട്ടു.

വിജയശ്രീ 13.1.2001-ൽ രൂപീകൃതമായി, 2002-ൽ കുടുംബശ്രീയിൽ രജിസ്റ്റർ ആക്കി. തുടക്കത്തിൽ 16 അംഗങ്ങൾ ഉണ്ടായിരുന്നു. ബ്ലോക്കിൽ നിന്നും സബ്സിഡിയോടുകൂടി 25000 രൂപ വ്യവസായത്തിന് ലഭിച്ചു. വ്യവസായം നഷ്ടത്തിൽ കലാശിച്ചു. റിവോൾവിംഗ് ഫണ്ടായി ലഭിച്ച 25000 രൂപ ബാങ്കിൽ ബാദ്ധ്യതയായി പലിശ ഇരട്ടിച്ചു. ഗ്രൂപ്പ് പ്രവർത്തനം നിലച്ചു. ഒരു വർഷം ആയപ്പോൾ ബാങ്കിൽ നിന്നും നോട്ടീസ് വന്നു. പണം അടച്ചില്ലെങ്കിൽ കേസാക്കും എന്നറിയിപ്പുണ്ടായി. ഞങ്ങൾ ആകെ വിഷമത്തിലായി. എട്ട് അംഗങ്ങൾ ചേർന്ന് പണം അടയ്ക്കാൻ തീരുമാനിച്ചു. സബ്സീഡി കുറവ് ചെയ്ത് 15000 രൂപ ഞങ്ങൾ 8 പേർ ചേർന്ന് അടച്ച് ബാദ്ധ്യത തീർത്തു. ഉടൻ ഷാജിസാർ ഞങ്ങളെ വിളിച്ചുകൂട്ടി. പ്രവർത്തനം പുനരാരംഭിച്ചു. ഷാജി സാറിനോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. അംഗങ്ങളുടെ നിർബന്ധത്തിന് വഴങ്ങി. അന്നു മുതൽ ഇന്നുവരെ സെക്രട്ടറിയായി ഉത്തരവാദിത്തത്തോടും, കൃത്യനിഷ്ഠയോടും, സത്യസന്ധതയോടും കൂടിപ്രവർത്തിക്കുന്നു.

ഞാൻ സംഘം പ്രവർത്തനത്തിൽ സംതൃപ്തയാണ്. കുടുംബശ്രീ പ്രവർത്തനത്തിലൂടെ എനിക്ക് വളരെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

1. അയൽവാസികളെ അറിയുവാനും, സ്നേഹിക്കുവാനും, മറ്റുള്ളവരുടെ ദുഃഖത്തിൽ പങ്കുചേരുവാനുമുള്ള ഒരു നല്ല മനസ്സ് ഉണ്ടായി.
2. നാലുപേരുടെ മുൻമ്പിൽവച്ച് രണ്ട ുവാക്ക് സംസാരിക്കുവാനുമുള്ള കഴിവ് ഉണ്ടായി.
3. സാമ്പത്തിക നേട്ടം അനാവശ്യചിലവുകൾ കുറച്ച് സമ്പാദ്യശീലം വർദ്ധിച്ചു.

ഇപ്പോൾ അംഗങ്ങൾക്ക് 4000 രൂപാ വരെ സമ്പാദ്യം ഉണ്ട്. 10000 രൂപ വായ്പ നൽകുന്നു. കൃത്യന്ഷ്ഠയോടും, ഉത്തരവാദിത്വബോധത്തോടും, സത്യസന്ധതയോടും കൂടി പ്രവർത്തിക്കുവാൻ ദൈവം എന്നെ സഹായിക്കുന്നു. അംഗങ്ങളിൽ നിന്നും 10 രൂപ സമാഹരിച്ച് ദുരിതാശ്വാസ

നിധിയുണ്ട്. അംഗങ്ങളുടെ മക്കളുടെ വിവാഹം, ചരടുകോട്ട്, പാലുകാച്ചൽ മുതലായ ചടങ്ങകളിൽ 1000 രൂപാ വീതം നൽകുന്നു.

മൂന്ന് വർഷം മുൻമ്പ് അംഗങ്ങൾ എനിക്ക് പ്രോത്സാഹന സമ്മനം നൽകി. ആശംസ അർപ്പിച്ചു. പുതിയ മൂന്ന് അംഗങ്ങളെ സംഘത്തിൽ ചേർക്കുവാൻ സാധിച്ചു. എല്ലാവരേയും ഒരേപോലെ സ്നേഹിച്ച് ഒരുകുടക്കീഴിൽ നിർത്തി നയിക്കുവാൻ സാധിച്ചു എന്നുള്ളത് ഒരു നേട്ടമാണ്. കുടുംബത്തിലും സമൂഹത്തിലും നന്മ ചെയ്ത് നല്ലവീട്ടമ്മയാവുക, നന്മയാണ് അമ്മ .അമ്മയാണ് എല്ലാം. ഗ്രൂപ്പിനും നിലനിൽപ്പിനും അഭിവൃദ്ധിക്കും വേണ്ടി ഞാൻ പരിശ്രമിക്കും. എ.ഡി.എസ്. പ്രവർത്തനത്തിൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുവാൻ ഞാൻ തയ്യാറാണ്. അധികാരികളുടെ ആജ്ഞ അനുസരിക്കുവാനും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നല്ല രീതിയിൽ പ്രവർത്തിക്കുവാനും, കുറവുകൾ മനസ്സിലാക്കി എളിമ, വിനയം, സ്നേഹം, സമാധാനം എല്ലാ സൽഗുണങ്ങളോടും കൂടി ജീവിക്കുവാൻ അനുഗ്രഹിക്കണേ ദൈവമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

മേരി തോമസ്

വിജയശ്രീ കുടുംബശ്രീ

(മുട്ടം ഗ്രാമപഞ്ചായത്ത).

# ആത്മധൈര്യത്തോടെ മുന്നോട്ട്

എന്റെ പേര് ബിനി ജോസ്. ഞാൻ കുടുംബശ്രീയിൽ വന്നിട്ട് 10 വർഷമായി. ഏതാണ്ട് കിടുംബശ്രീയുടെ ശൈസവം മുതൽ തന്നെ അതിൽ പങ്കാളിയാവാനും സജീവമായി പ്രവർത്തിക്കുവാനും സാധിച്ചത് എന്റെ ജീവിതത്തിലെ ഭാഗ്യമായി ഞാൻ കരുതുന്നു. അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. ഒരു സാധാരണവീട്ടമ്മയായി ഭർത്താവിന്റെയും കുഞ്ഞുങ്ങളുടെയും കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചിരുന്ന ഞാൻ മറ്റുള്ളവരുടെ പ്രശ്നങ്ങളിലേക്ക് കടന്നവന്നത് വളരെ പെട്ടന്നായിരുന്നു.

ഞാൻ രാജകുമാരി പഞ്ചായത്തിൽ ആറാം വാർഡിൽ മഞ്ഞക്കുഴി ഭാഗത്ത് താമസിക്കുന്ന ആളാണ്. എന്റെ വാർഡിൽ ഭൂരിഭാഗവും മുതുവാൻ സമൂഹത്തിൽപെട്ടവരാണ്. ബാക്കിയുള്ളവർ തമിഴർ. ഞങ്ങൾ ചില മലായാളി കുടുംബങ്ങൾ മാത്രമാണ് അവിടെയുള്ളത്. ഇവിടെയൊക്കെ കടന്നുചെല്ലാൻ വേദി ഒരുക്കിയത് കുടുംബശ്രീയാണ്. ഒരു യുവതിയുടെ 18 വയസ്സുള്ള കുട്ടിയെ സഹായിക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവം ആണ്. ഇത് വായിക്കുന്ന എല്ലാ സഹോദരിമാർക്കും അവരവരുടെ ജീവിതത്തിൽ പ്രചേദനമാവാൻ സാധിക്കുമെന്ന പ്രതീക്ഷയോടെ കുറിക്കട്ടെ

ഞങ്ങളുടെ പ്രദേശത്തെ ഒരു സഹോദരിയുടെ മകന് ഒരു ആക്സിഡന്റ് ഉണ്ടായി. ഗുരുതരമായ പരിക്കേറ്റ അവനെ ഹോസ്പിറ്റലിലാക്കി. കാലിന് അടിയന്തിര ശസ്ത്രക്ിയവേണം. ഓപ്പറേഷൻ നടത്തി വീട്ടിൽ വന്ന് വിശ്രമിക്കുകയായിരുന്നു. അപ്രതീക്ഷിതമായ വീഴ്ചയിൽ കാലിൽ ഇട്ടിരുന്ന കമ്പി വളഞ്ഞ് പോയി. എത്രയും പെട്ടന്ന് റീ ഓപ്പറേഷൻ വേണം. ഈ അവസ്ഥയിൽ ആ സ്ത്രീ എന്റെ അടുത്ത് വന്ന പൊട്ടിക്കരഞ്ഞു. വലിയ കടബാധ്യതയിലായ ആ സാധുവിനെ എങ്ങനെ ആശ്വസിപ്പിക്കും എന്നറിയാതെ ഞാൻ വിഷമിച്ചു. പെട്ടന്ന് ഞാൻ പഞ്ചായത്ത് പ്രസിന്റിനെ വിളിച്ചു. കുടുംബശ്രീ പ്രവർത്തകർ ബാങ്കുമായി നല്ല സൗഹൃദം ഉണ്ടായിരുന്നു.

അവരൊക്കെ ഫോൺ വിളിച്ചു. അവർ എല്ലാം സഹായിക്കാം എന്നുറപ്പ് തന്നു. ബാങ്ക് പ്രസിഡന്റ്, വാർഡ് മെമ്പർ ഇവരെയൊക്കെ കൂട്ടി ഞങ്ങൾ എല്ലാ കടകളിലും സ്ഥാപനങ്ങളിലും കയറിയിറങ്ങി. 5 ദിവസം ഞങ്ങൾ സംഭാവനക്കായി കയറിയിറങ്ങി. പ്രതീക്ഷിച്ചതിലും അധികം വിജയമായിരുന്നു.

കുടുംബശ്രീ, സി.ഡി.എസ്. പഞ്ചായത്ത് എല്ലാവരും സഹായഹസ്തമായി കടന്നുവന്നു. 1 ലക്ഷം രൂപാ കെട്ടിവച്ച് നടത്തേണ്ട ഓപ്പറേഷന് 57,500 രൂപ കൊടുത്ത് സഹായിക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവം ആണ്. ഇതിന്റെ പിന്നിലെ പ്രേരകശക്തി കുടുംബശ്രീയാണ്.

അടുക്കളയുടെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കുടിയ ഞാൻ മറ്റുള്ളവരുടെ മുമ്പിൽ കടന്നുചെന്ന് രണ്ട് വാക്ക് പറയാൻ സാധിച്ചതിൽ അത്ഭുതപ്പെടുകയാണ്. കുടുംബശ്രീ ആരംഭിച്ച നാൾ മുതൽ 10 വർഷമായി എ.ഡി.എസ് സെക്രട്ടറിയാണ്. ഇവിടെനിന്ന് ലഭിക്കുന്ന പ്രചോദനം എനിക്ക് ആത്മധൈര്യത്തോടെ മുന്നോട്ട് പോകാൻ സാധിക്കട്ടെ. അതുപോലെ എസ്.റ്റി കോളനിയിലെ ഓരോ ആദിവാസികളുടേയും ആശ്രയമായും അവർക്ക് വേണ്ട സഹായമായി മാറാനും സാധിച്ചത് കുടുംബശ്രീയാണ്.

ബിനി ജോസ്
(രാജകുമാരി ഗ്രാമപഞ്ചായത്ത്)

# അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

ഞാൻ സ്നേഹ കുടുംബശ്രീയിൽപ്പെട്ട അംഗമാണ്. പതിനൊന്ന് വർഷമായി കുടുംബശ്രീ രൂപീകരിച്ചിട്ട്. 11 വർഷം പുറകോട്ട് നോക്കുകയാണെങ്കിൽ ഇപ്പോൾ ഞാൻ ഉൾപെടെയുള്ള സ്ത്രീകൾ വളരെയേറെ സാമ്പത്തികമായും സാമൂഹികമായും ഉയർച്ചയിലെത്തിയിട്ടുണ്ട്. 10 രൂപായിൽ തുടങ്ങിയ നിക്ഷേപം 11 വർഷം കൊണ്ട് നിക്ഷേപം മാത്രമല്ല, സംഘാംഗങ്ങൾ ചേർന്ന് കൂട്ടുകൃഷിചെയ്ത് അതിൽ നിന്നുള്ള ലാഭവും പലിശവിഗിതവും ചേർന്ന് അതാതുവർഷം അവസാനം ആവശ്യത്തിന് വ്യക്തികൾ എടുത്തിട്ട് വിറ്റുകിട്ടുന്ന തുകയും വീതിച്ച് നിക്ഷേപത്തിൽ ചേർത്ത് ഇപ്പോൾ 3 ലക്ഷം രൂപായോളമായി, സംഘം സെക്രട്ടറിയായും എ.ഡി.എസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. എ.ഡി.എസിൽ നിന്നതുകൊണ്ട് പല കുടുംബാങ്ങൾക്കും തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി പല ആനുകൂല്യങ്ങളും അവർക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ജെ.എൽ.ജി യിൽകൂടിയും ആ വാർഡിലെ കുടുംബശ്രീകൾക്ക് വാങ്ങിച്ചു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഞാൻ പുറത്തിറങ്ങാതെ വീട്ടിൽ തന്നെ ഒതുങ്ങി കൂടിയ എനിക്ക് ഇപ്പോൾ വീട്ടിൽ നിന്നും ആശ്രയപദ്ധതി, ചൈൽഡ് സെൻസസ്സ്, ബി.പി.എൽ സർവ്വേ തുടങ്ങി പല കാര്യങ്ങളിലും ജനങ്ങൾക്കുവേണ്ടി രംഗത്ത് വന്നു.

11 വർഷം കൊണ്ട് സ്ത്രീകൾ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന വാക്ക് ഏകദേശം മുക്കാൽ ഭാഗവും വിജയിച്ചിട്ടുണ്ട്.. സ്ത്രീകൾ രംഗത്തിറങ്ങിയാൽ സാദിക്കാത്ത് കാര്യങ്ങൾ ഒന്നും ഇല്ലാ എന്ന് മനസ്സിലായി. സ്ത്രീകളിലുള്ള ദാരിദ്രനിർമ്മാർജ്ജനത്തിന് ഒടടേറെ മാറ്റം സംഭവിച്ചു. സ്ത്രീകൾ സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നിലായിരുന്ന കാലമായിരുന്നു. ഇപ്പോൾ സ്ത്രീകൾ തന്നെ രംഗത്തിറങ്ങി വീട്ടിലെ കാര്യങ്ങ്ൽ നടത്തിതുടഹ്ങി. 11 വർഷം മുൻമ്പ് ഒരു സ്ത്രീ എവിടെയെങ്കിലും പോകണമെങ്കിൽ കൂട്ടിന് ഒരാൾ വേണം. ഭർത്താവിൽ നിന്ന് വണ്ടിക്കൂലിക്കുപോലും പൈസ ചോദിച്ചു പോകുന്ന പല സ്ത്രീകളേയും എനിക്കറിയാം. ഭാര്യ പണിക്കുപോയി ഭർത്താവിന്റെ കയ്യിൽ കൊടുത്തിട്ട് അതുകൊണ്ടുപോയി മദ്യപിച്ച് കലഹമുണ്ടാക്കുന്ന കുടുംബങ്ങളും എന്റെ അറിവിലുണ്ട്. ഇപ്പോൾ തൊഴിലുറപ്പ് വന്നിട്ട് സ്ത്രീകൾക്ക് തന്നെ പൈസാ കിട്ടുന്ന ഒരു സമ്പ്രദായം വളരെ ഗുണകരമായി സ്ത്രീകൾ കാണുന്നു.

എന്നാൽ ഇപ്പോഴും പലസ്ഥലത്തും സ്ത്രീപീഡനങ്ങൾ മാറാത്ത സ്ഥലമുണ്ട്. എനിക്കു തോന്നുന്നത് സ്ത്രീകൾക്ക് നല്ല ഉയർച്ചയിലെത്താൻ സാധിക്കാത്തത് സമൂഹത്തിലെ അവഹേളനം മുലമാണെന്നാണ്. സ്നേഹകുടുംബശ്രീ അംഗത്തിന്റെ പെൺമക്കളുടെ വിവാഹത്തിന് കുടുംബശ്രീ 40000 രൂപ വരെ ലോൺ കൊടുത്തു സഹായിച്ചു. ഭവന നിർമ്മാണത്തിനും അസുഖകാര്യത്തിനും കൂടുതൽ പ്രാധാന്യം നൽക്ി സഹായിച്ചു. 7-ാം വാർഡിലും പഞ്ചായത്തിൽ സി.ഡി.എസ് അറിയിപ്പിൻ പ്രകാരം ചികിത്സാ സഹായം നൽകി. കുട്ടി അഞ്ചാം ക്ലാസ്സിൽ പടിച്ചപ്പോൾ അതിന് ക്യാൻസർ ആണെന്ന് അറിഞ്ഞു. എല്ലാവരിൽ നിന്നും ചികിത്സാസഹായം നൽകി. 7-ാം വാർഡിൽ നിന്ന് 3000/- രൂപ പിരിച്ച് എ.ഡി.എസ് അംഗങ്ങൾ കൊണ്ടുപോയി കൊടുത്തു.

സ്നേഹ കുടുംബശ്രീ
(രാജകുമാരി ഗ്രാമപഞ്ചായത്ത്)

# ഓർമ്മത്താളുകൾ മറിച്ചപ്പോൾ.....

അനിവാര്യമായ ഭ്രമണചക്രങ്ങൾ പൂർത്തീകരിച്ച് ഘടികാരസുചികളുടെ സ്പന്ദനങ്ങളിലൂടെ സ്മരണകളുടെ നിറമുള്ള സ്ഫുരണമായി പാഞ്ഞോടുന്ന കാലം. തികച്ചും ഗ്രാമഭംഗി നിറഞ്ഞ ഹൃദയഹാരിയായ ഈ മലയോരതാഴ്വരയിൽ എന്റെ മുമ്പിൽ കൊഴിഞ്ഞു വീണ, ആ നല്ല നാളിന്റെ സ്മൃതികളുടെ ചുരുളഴിയുമ്പോൾ, ഇവിടെ പരിചയപ്പെട്ട ഒത്തിരി മുഖങ്ങളും ഒരുപാടു സൗഹൃദങ്ങളുമെല്ലാം എനിക്കു സമ്മാനിച്ച നിറം മങ്ങാത്ത നനുത്ത ഒരു പിടി നല്ല ഓർമ്മകൾ.... നിമിഷങ്ങൾ ..... അതെ .... അവ ഒരിക്കലും നഷ്ടമാകാതെ ഉള്ളിലെവിടെയോ ചേക്കേറിയിരിക്കുന്നു. ആ മധുര സ്മൃതികളുടെ തണലിൽ നിന്നും ഞാനും രണ്ട് വാക്ക് കുറിക്കട്ടെ.

എനിക്ക് അയൽക്കൂട്ടം എന്നു പറയുന്നത് ഏറ്റവും ആത്മാർത്ഥമായ സ്നേഹത്തോടെ, നൻമയോടെ, മാത്രം കാണുവാൻ ഇഷ്ടപ്പെടുന്ന ഒരു വിഷയമാണ്. ദാർദ്രനിർമ്മാർജ്ജനം ലക്ഷ്യമാക്കിയുള്ള സ്ത്രീശാക്തീകരണ പരിപാടിയാണ് ഇന്ന് ഇത്രയും ബൃഹത്തായ ഒരു പ്രസ്ഥാനമായി മാറിയിരിക്കുന്ന നമ്മുടെ കുടുംബശ്രീ അയൽക്കൂട്ടം. അയൽക്കൂട്ടങ്ങള് രൂപം കൊള്ളുന്നതിന് മുമ്പ്, അടുക്കളയുടെ നാലുചുവരുകൾക്കുള്ളിലിരുന്ന് നാമോരുരുത്തരും നമ്മുടെ വിഷമതകളും ദുഃഖങ്ങളും എല്ലാം ഉള്ളിലൊതുക്കി ഓരോ നിമിഷവും തള്ളി നീക്കിയിരുന്ന ഒരു കാലം നമുക്കുമുണ്ടായിരുന്നു. എന്നാൽ ഇന്ന് അയൽക്കൂട്ടം എന്ന സംഘങ്ങൾ രൂപീകൃതമായതോടെ, ക്രമേണ അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്കിറങ്ങി ഉപകാര പ്രദങ്ങളായ ഏതെല്ലാം മേഖലകളിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. അതോടൊപ്പം മൂല്യാധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാനും, വ്യക്തിത്വവികസനം പ്രാപിക്കുവാനും, ഏതൊരു തൊഴിലിലും ആദരവുണ്ടാക്കുവാനും, സർവ്വോപരി, കുടുംബത്തിനും സമൂഹത്തിനും വേണ്ടി പല നല്ല കാര്യങ്ങളും ചെയ്യുവാൻ കഴിയുമെന്നും തീർച്ചയായും നമുക്കിപ്പോൾ ബോധ്യമായിക്കൊണ്ടിരിക്കുന്നു.

ആറു വർഷങ്ങൾക്ക് മുമ്പാണ് സമീപത്തുള്ള വീടുകളിലെ വനിതകളെ (11) ഉൾപ്പെടുത്തി ഞങ്ങൾ അയൽക്കൂട്ടം ആരംഭിക്കുന്നത്. മുൻപരിചയമോ, നേതൃത്വപാടവമോ, അതുപോലെ മുന്നിൽ വരുന്ന പ്രതിബന്ധങ്ങളെ നേരിടാനുള്ള ധൈര്യമോ ഒന്നും ഇല്ലാതിരുന്ന ഞങ്ങൾക്ക് ഇവിടെ ഈ നിമിഷം വരെ എത്തുവാൻ എല്ലാത്തിനും ധൈര്യം തന്ന് മുൻപോട്ട് നയിച്ചത് .... എനിക്ക് ഏറെ പ്രിയപ്പെട്ട നിങ്ങളോരോരുത്തരുടെയും സ്നേഹപൂർണ്ണമായ സഹകരണം

തന്നെയാണ്. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ, ജാതി മത ഭേദമില്ലാതെ, വർണ്ണ വിവേചനമില്ലാതെ ഓരോ ആഴ്ചയിലും ഒരുമിച്ചു കൂടുവാൻ വേണ്ടി കാത്തിരിക്കുന്ന ആ ദിവസം ഞങ്ങൾക്കേറെ സന്തോഷമേകുന്നു. പരസ്പരം സ്നേഹിക്കുവാനും, മനസ്സിലാക്കുവാനും ഹൃദയബന്ധങ്ങളുടെ ആഴമെന്തെന്ന് തിരിച്ചറിയുവാനും, ആത്മാർത്ഥമായ സൗഹൃദം എന്താണെന്നുമെല്ലാം ഞങ്ങളെ പഠിപ്പിച്ച അയൽക്കൂട്ടം, എനിക്കെന്നും അഭിമാനത്തോടെ സന്തോഷത്തോടെ മാത്രമേ കാണുവാൻ കഴിയൂ.

ഓരോ ആഴ്ചയിലും ഞങ്ങൾ നിക്ഷേപിക്കുന്ന തുച്ഛമായ തുകകൊണ്ട് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വലിയൊരു ആശ്വാസമേകുവാനും, പണം എങ്ങനെ കണ്ടെത്തണമെന്നും എങ്ങനെ ചെവഴിക്കണമെന്നും തുടങ്ങി ഏതൊരു കാര്യത്തിനും ഒത്തൊരുമിച്ചുള്ള ഞങ്ങളുടെ തീരുമാനം. അതിന്റെ ഫലമായി ചെറിയ തോതിലെങ്കിലും ഒരു സംരംഭം (മണ്ണിര കമ്പോസ്റ്റ്) തുടങ്ങുവാൻ കഴിഞ്ഞതും എന്റെ സഹപ്രവർത്തകരുടെ ആത്മാർത്ഥമായ സഹകരണം ഒന്നുകൊണ്ടുമാത്രമാണ്.

കൂടാതെ, ഓരോരുത്തരുടെയും കുടുംബങ്ങളിൽ ഉണ്ടാകുന്ന ആവശ്യങ്ങളിൽ വളരെ സജീവമായിട്ടുതന്നെ പങ്കെടുക്കുന്ന ഓരോ അവസരങ്ങളും എല്ലാം ഞങ്ങൾക്ക് വളരെയധികം സന്തോഷം തരുന്നു.

വ്യത്യസ്ഥമായ കുടുംബ സാഹചര്യങ്ങളിൽ നിന്നും, പലതരത്തിലുള്ള ദുഃഖങ്ങൾ അനുഭവിച്ച് വേദനയോടെ കഴിയുന്ന ഞങ്ങളോരുത്തർക്കും സമാധനത്തിന്റെ ഒരു കൈത്തിരി വെട്ടം തന്നെയാണ് ഞങ്ങൾക്കിന്ന് അയൽക്കൂട്ടം. ജീവിതത്തിന്റെ ഏകാന്തമായ കഠിന പാതായിലൂടെയുള്ള യാത്രയിൽ - കിനാവിനും കണ്ണീരിനും യാതൊരു വിലയുമില്ലാത്ത, സങ്കൽപ്പവും യാഥാർത്ഥ്യവും തമ്മിലുള്ള അമ്പരിപ്പിക്കുന്ന സത്യങ്ങറിയുന്ന, ജീവിതത്തിന്റെ പല ദുർബല നിമിഷങ്ങളിലും കരകയറുവാൻ കഴിയാതെ മരണത്തിന്റെ ആഴക്കയങ്ങളിലേക്ക് മുങ്ങിത്താഴുന്ന മനസ്സുകൾക്ക് ഒരു വൈക്കോൽത്തുരുമ്പ് പോലെ, വീണ്ടും ജീവിതത്തിന്റെ പച്ചപ്പിലേക്ക് അവരെ കൈപിടിച്ചുയർത്തുന്ന എന്റെ സഹപ്രവർത്തകരുടെ പരസ്പരമുള്ള സ്വാതന്ത്നപ്പെടുത്തുന്ന ആശ്വാസവാക്കുകൾ .... ഒരു സംരംഭത്തിനും നേടിത്തരുവാൻ കഴിയാത്ത, ഏതൊരു സങ്കടത്തിനെയും പിടിച്ചു നിർത്തുവാനുള്ള മനസ്സിന്റെ ആത്മധൈര്യം.... ഇവിടെ നിന്നും ഞങ്ങൾക്ക് അനുഭവിക്കുവാൻ സാധിക്കുന്നു. ഇതു തന്നെയാണ് അയൽക്കൂട്ടം കൊണ്ട് നേടുവാൻ സാധിക്കുന്ന ഏറ്റവും വലിയ ജീവിത വിജയം എന്ന് ഞാൻ കരുതുന്നു.

തികച്ചും സ്ത്രീകളുടെ ഉന്നമനം തന്നെ ലക്ഷ്യമാക്കിയുള്ള മറ്റൊരു പദ്ധതിയാണ് അയൽക്കൂട്ടങ്ങൾക്ക് ജനപ്രിയമായ നമ്മുടെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. സ്നേഹമുള്ള എന്റെ കൂട്ടുകാരുടെ നിർബന്ധത്തിൽ തൊഴിലുറപ്പ് പദ്ധതിയിലും ചെറിയൊരു നേതൃസ്ഥാനത്തിൽ പങ്കാളിയാകുവാൻ സാധിച്ചു എന്നുള്ളത് എന്റെ ജീവിതത്തിൽ തന്നെ ഏറ്റവും വലിയൊരു ഭാഗ്യമായിട്ട് ഞാൻ കാണുന്നു. കാരണം, ഇത്രയേറെ ആളുകളുമായിട്ട് പരിചയപ്പെടുവാനും, ഇടപഴകുവാനും, അവരുടെ സ്വഭാവമെന്തെന്ന് തിരിച്ചറിയുവാനും, ക്ഷമ എന്നുള്ള വാക്കിന്റെ അർത്ഥം കൂടുതൽ മനസ്സിലാക്കുവാനും എല്ലാം ഇതിലൂടെ എനിക്ക് സാധിച്ചു.

എന്റെ വിദ്യാഭ്യാസ കാലഘട്ടത്തിൽപോലും ലഭിക്കാത്ത, സ്നേഹത്തിന്റെ ആത്മബന്ധങ്ങൾ അറിയുന്ന സുഹൃദ്ബന്ധം..... അതിന്റെ ഓരോ നിമിഷങ്ങളും എനിക്ക് എങ്ങനെ മറക്കുവാൻ കഴിയും..... ഒരു പാട് നല്ല അനുഭവങ്ങളും പലതരത്തിലുള്ള അറിവുകളും ഒക്കെ സമ്മാനിച്ച എന്റെ ഈ നല്ല നാളുകൾ .... എല്ലാവർക്കും പകരമായി നൽകുവാൻ ഈ കൈക്കുമ്പിളിൽ ഉള്ളത് നന്ദിയുടെ വാടാമലരുകൾ മാത്രം.

കാലത്തിന്റെ തിരുത്തുവാനാകാത്ത വ്യവസ്ഥയായി ഈ പരിചിതഭാവങ്ങളെല്ലാം നിലനിൽക്കുകയും, നല്ലൊരു നാളേയ്ക്കായി നമുക്കൊരുമിച്ച് ജഗദീശ്വരനോട് ആത്മാർത്ഥമായ സ്നേഹത്തോടൊ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് എല്ലാത്തിനും എല്ലാവർക്കും നന്ദി... നന്ദി.... നന്ദി......

സുജ ഗിരീഷ് (എ.ഡി.എസ്.)
ആര്യക്കൊമ്പിൽ
മുള്ളരിങ്ങാട് പി.ഒ.

# പാമ്പാടുംപാറ

ഗ്രാമപഞ്ചായത്ത് സി.ഡി.എസി ന്റെ കീഴിൽ ആറാം വാർഡിൽ പ്രവർത്തിക്കുന്ന ന്യൂദീപം കുടുംബശ്രീയിലെ ഒരു അംഗമായ രാധാവേണുഗോപാൽ എന്ന ഞാൻ എന്റെ അനുഭവങ്ങൾ ഇവിടെ വിവരിക്കട്ടെ.

നമ്മുടെ സമൂഹത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തുവാൻ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞട്ടുണ്ട്. ''അടുക്കളിയിൽ നിന്നു അരങ്ങത്തേയ്ക്ക് '' എന്ന മുദ്രാവാക്യമാണ് കുടുംബശ്രീയുടെ പ്രവർത്തന തത്വം. ഒരു വ്യക്തി എന്ന നിലയിൽ കുടുംബശ്രീയുടെ സ്വാധീനം എ ന്റ ജീവിതത്തിൽ വളരെ വലുതാണ്. കുടുംബശ്രീ പ്രവർത്തനത്തിലൂടെ വളരെയധികം നേട്ടങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്. ഒന്നാമതായി ഉള്ളത് സഭാകമ്പം പൂർണ്ണമായും മാറി എന്നതാണ്. ഒരു ബുദ്ധിമുട്ടും കൂടാതെ എത്ര വലിയ സദസ്സിനേയും അഭിസംബോധന ചെയ്യുവാനും അവരോട് സംസാരിക്കുവാനും കഴിയുക എന്നത് വലിയ കാര്യമാണ്. ആ കഴിവ് എനിക്കു നേടാൻ കഴിഞ്ഞു എന്ന ആത്മവിശ്വാസം ഇപ്പോൾ ഉണ്ട്.

ന്യൂദീപത്തിൽ ആദ്യം അംഗമാവുകയും അതിന്റെ സെക്രട്ടറി സ്ഥാനത്ത് എത്തുകയും അതുവഴി എ.ഡി.എസിെ ന്റ ഔദ്യോഗിക സ്ഥാനം വഹിക്കുകയും ചെയ്തതിലൂടെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും പഠിക്കുവാനും മനസ്സിലാക്കാനും എനിക്ക് കഴിഞ്ഞു. കുടുംബശ്രീയിൽ അംഗത്വം എടുത്തതിലൂടെ എനിക്കുണ്ടായ ഏറ്റവും വലിയ സഹായം എ ന്റ വീടുപണിയാൻ കഴിഞ്ഞു എന്നതാണ്. കുടുംബശ്രീ അംഗങ്ങൾക്ക് ഭവന വായ്പ നൽകുന്ന അവസരത്തിൽ യൂണിയൻ ബാങ്കിൽ നിന്നും എനിക്കും ലോൺ ലഭിക്കുകയും വീടുപണിയാൻ കഴിയുകയും ചെയ്തു.

എ.ഡി.എസിലെ ഔദ്യോഗിക സ്ഥാനത്ത് എത്തിയതോടെ സമൂഹത്തിനോട് വളരെയധികം കടമകള ചെയ്യാനുള്ള അവസരം എനിക്ക് ലഭിച്ചു. സമൂഹത്തിലെ നാനാതുറയിലുള്ള ആളുകളെ പരിചയപ്പെടാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടിക്കൊടുക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഞാൻ, എ ന്റ കുടുംബം എന്ന കാഴ്ചപ്പാടിൽ നിന്ന് നമ്മുടെ ചുറ്റുപാടുമുള്ള പാവപ്പെട്ടവരും ആരും ആശ്രയത്തിന്ട ഇല്ലാത്തതുമായ ആളുകളെ കണ്ടെത്താനും അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുവാനും എനിക്ക് കഴിഞ്ഞു. എ ന്റ ചിന്താഗതിയെ തന്നെ മാറ്റുന്ന ഒരുപാട് പരിശീലന ക്ലാസുകളും പഠന ക്ലാസുകളും എനിക്ക് ലഭിക്കുവാനും കുടുംബശ്രീ ഒരു

കാരണമാണ്. കൂട്ടായ്മയിലൂടെ ഉള്ള വിജയമാണ് കുടുംബശ്രീ പ്രവർത്തനത്തിെ ന്റ അടിസ്ഥാന തത്വം. ജെ. എൽ.ജി ഗ്രൂപ്പുകളും, സംരംഭങ്ങളും എല്ലാം ഇതിെ ന്റ ഉത്തമ ഉദാഹരണങ്ങൾ ആണ്.

ഒറ്റയ്ക്ക് ഒരു കൃഷി ചെയ്യുന്നതിലും വളരെയധികം വിജയകരമാണ് കൂട്ടായ കൃഷി രീതി. ഞങ്ങൾ ഗ്രൂപ്പ് ചേർന്ന് ഇഞ്ചി, ചേന, വാഴ തുടങ്ങിയ കൃഷികൾ വളരെ വിജയകരമായി നടത്തുകയും നല്ല വിളവ് ഉണ്ടാക്കുകയും ചെയ്യുന്നു. കഴിഞ്ഞ ആറു വർഷമായി ഇത് തുടരുന്നു. കൃഷി ചെയ്യുന്നതിലും വിളവെടുപ്പിെ ന്റ കാര്യത്തിലും ഞങ്ങൾ വളരെയധികം സന്തോഷത്തിലാണ്. അടുത്ത നേട്ടം തൊഴിലുറപ്പു പദ്ധതിയിലൂടെ എനിക്ക് ഒരു വരുമാന മാർഗ്ഗം ഉണ്ടായി എന്നതാണ്. പഴയകാലത്തെ മാറ്റാളു പണിയെ ഓർമ്മിപ്പിക്കുന്ന രീതിയിൽ ആളുകൾ പണികൾ ചെയ്യുകയും സാമ്പത്തിക ഭദ്രത ഉണ്ടാക്കുകയും ചെയ്യുന്നു.

ഭർത്താവ് വീട്ടു ചെലവിനു തന്നിരുന്ന പൈസയിൽ നിന്നും മിച്ചം പിടിച്ച് ഓരോ ആഴ്ചകളിലും നിക്ഷേപം വച്ചിരുന്ന അവസ്ഥയിൽ നിന്നും സ്വന്തമായി പണി ചെയ്ത് ആ പണത്തിെ ന്റ ഒരു പങ്ക് നിക്ഷേപിക്കുക എന്നത് വളരെ ആത്മ സംതൃപ്തി നൽകുന്നു. ഇങ്ങനെയുള്ള അനുഭവങ്ങൾ വളരെയധിക് എനിക്കുണ്ടായിട്ടുണ്ട്. ഏതൊരു ഓഫീസിലും കയറിചെന്ന് നമുക്ക് ആവശ്യമായ കാര്യങ്ങൾ സാധിക്കുവാന ആരേയും ആശ്രയിക്കേണ്ട ഒരു അവസ്ഥ ഇന്ന് എനിക്കില്ല. ഇത് നമ്മുടെ സംഘടനാ പ്രവർത്തനത്തിെ ന്റ മറ്റൊരു നേട്ടമാണ്. ഇങ്ങനെയുള്ള അനുഭവങ്ങൾ ഓരോ കുടുംബശ്രീ അംഗത്തിനും വിവരിക്കാനുണ്ടാകും. ഇതു തന്നെയാണ് കുടുംബശ്രീ രൂപീകരണത്തിലൂടെ എനിക്കുണ്ടായ നേട്ടങ്ങൾ

രാധാ വേണുഗോപാൽ,<br>
ന്യൂദീപം കുടുംബശ്രീ,<br>
വാർഡ് ഢക

# അനുഭവകുറിപ്പ്

സ്ത്രീകളുടെ ആശ്രയവും ആവേശവും ജീവാത്മാവും പരമാത്മാവും എന്നൊക്കെ ഞാൻ കുടുംബശ്രീയെ വിശേഷിപ്പിക്കുന്നു. കാരണം ഒരു മതേതര ജനാധിപത്യ രാജ്യമായ ഭാരതത്തിലും ദൈവത്തി ന്റെ സ്വന്തം നാടായ നമ്മുടെ കേരളത്തിലും ജാതിയും മതവും മാത്രമാണ് എന്തിനും അടിസ്ഥാനമായുള്ളത്.

എന്നാൽ ജാതി മത ഭേദമന്യേ ഞങ്ങൾ 11 പേർ ദേവിക കുടുംബശ്രീയിൽ പ്രവർത്തിച്ചു വരുന്നു. കാഞ്ചിയാർ ട്രൈബർ സ്കൂളിൽ വച്ച് നടത്തിയ കുടുംബശ്രീയുടെ ഒരു പ്രോഗ്രാമിൽ 72 വയസുള്ള ഞങ്ങളുടെ സംഘത്തിലെ ഏലിക്കുട്ടി ചേടത്തിയും 66 വയസുള്ള ലക്ഷ്മി നാരായണനും ഉൾപ്പെടെ ഞങ്ങൾ 11 പേർ ചേർന്ന്

''ഐക്യം മറക്കില്ല അന്ധതയുമില്ല

തങ്ങളിൽ വാളൂരി വീശുകില്ല ഞങ്ങൾ

തങ്ങളിൽ വാളൂരി വീശുകില്ല്

ഒന്നിച്ചു കൂടാം നമുക്ക് നിത്യം

ഒന്നിച്ചു പാടാം കളിക്കാം

ഒന്നായ് കഴിയാം മരിക്കുവോളം നമുക്ക്

ഒന്നായ് കഴിയാം മരിക്കുവോളം''

എന്ന് പാടികൊണ്ട് നൃത്ത ചുവടുകൾ വച്ച ഞങ്ങൾളുടെ പ്രോഗ്രാമിനെ വേദിയിലും, സദസിലുമുള്ള എല്ലാവരും ചേർന്ന് എഴുന്നേറ്റ് നിന്ന് അനുമോദിച്ചു. എല്ലാവരും ഇപ്പോഴും ആ പ്രോഗ്രാമിനെ കുറിച്ച് പറയാറുണ്ട്. ഇത് എ ന്റ ജീവിതത്തിലെ ഒരു നല്ല അനുഭവമായി ഇന്നും ഓർമ്മയിൽ നിലനിക്കുന്നു. നമ്മുടെ കർമ്മ രംഗങ്ങളിൽ ഒരു വെള്ളി നക്ഷത്രമായി പ്രശോഭിക്കട്ടെ കുടുംബശ്രീ എന്ന പ്രാർത്ഥനയോടെ

ജീജാ ഓമനക്കുട്ടൻ
ദേവിക കുടുംബശ്രീ ( സെക്രട്ടറി)
കല്യാണത്തണ്ട്, വാർഡ് 7

# എന്റെ ജീവിതം എന്റെ കാഴ്ചകൾ

എവിടെ തുടങ്ങണം. ഓർമ്മകളിൽ സമ്പുഷ്ടമായ ബാല്യത്തിലോ. അതോ സ്വപ്നങ്ങൾ കണ്ടു തുടങ്ങുന്ന കൗമാരത്തിലോ, ജീവിതം എന്താണെന്ന് അറിഞ്ഞു തുടങ്ങുന്ന യൗവന കാലങ്ങളിലൂടെയോ.

ഞാൻ ജനിച്ചത് കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പെട്ട വെള്ളായി എന്ന കൊച്ചു ഗ്രാമത്തിലാണ്. എനിക്ക് അഞ്ചു വയസുള്ളപ്പോൾ പതിപള്ളിയിലേയ്ക്ക് താമസം മാറി. ഇപ്പോൾ ഈ കൊച്ചു ഗ്രാമത്തിൽ സ്ഥിരതാമസം. അച്ഛൻ, അമ്മ രണ്ടനിയത്തിമാർ. സന്തോഷത്തോടെ കഴിഞ്ഞു വന്നു. എനിക്ക് പത്താം ക്ലാസിനപ്പുറം പഠിക്കാൻ സാധിച്ചില്ല. അതിൽ സങ്കടം ഇപ്പോഴുമെന്നെ വേദനിപ്പിക്കുന്നു. വളരെ നേരത്തെ വിവാഹം കഴിക്കേണ്ടിയും വന്നു. വളരെ എളുപ്പമാണ് ജീവിതം എന്നായിരുന്നു. എ ന്റ വിചാരം അല്ലലില്ലാത്ത ജീവിച്ച കാലത്ത് നിന്നും ഉത്തരവാദിത്വത്തിലേയ്ക്ക് പെട്ടെന്നക്ക ഒരു മാറ്റം. ആദ്യം ഒന്നു പകച്ചു പോയെങ്കിലും ജീവിച്ചല്ലേ പറ്റൂ. ഞങ്ങൾക്ക് മൂന്നു കുട്ടികൾ. ഉത്തരവാദിത്വം പിന്നേയും കൂടി. അതോടെ ഭർത്താവ് ചെറിയ രീതിയിൽ തുടങ്ങിയ മദ്യപാനം പിന്നീട് ഒഴിവാക്കാനാവാത്ത ശീലമായി. കൃഷിയെ മാത്രം ആശ്രയച്ച് കഴിയുന്ന ഒരു സാധാരണ കുടുംബം . ഒരു വരുമാനവുമില്ലാത്ത ഞാൻ അങ്ങനെയിരിക്കെ ഞങ്ങളുടെ ഇപ്പോഴത്തെ കുടുംബശ്രീ സെക്രട്ടറിയായ രമണി ചേച്ചിയും വേറെ കുറച്ചു പേരും കൂടി വീട്ടിൽ വന്ന് കുടുംബശ്രീ അയൽക്കൂട്ടത്തിനെ പറ്റി പറയുകയും ഉണ്ടായി. അങ്ങനെ ഞാൻ 2006 ൽ കുടുംബശ്രീയിൽ അംഗമാവുകയും ചെയ്തു. എനിക്ക് അതിൽ ചേരാനായിട്ട് ആദ്യം പൈസ തന്നത് നന്ദിനി എന്നു പേരുള്ള അയൽപക്കത്തെ കൊച്ചമ്മയാണ്. അങ്ങനെ കടം കിട്ടിയ പത്തു രൂപകൊണ്ടു തുടങ്ങിയ കൊച്ചു സമ്പാദ്യം ഇന്നും തുടരുന്നു. യൂണിറ്റിലെ 4 പേർക്ക് ഇതിൽ തുടരാൻ താല്പര്യമില്ലാതെ പിരിഞ്ഞു പോയി. ഒരാൾ വിവാഹം കഴിഞ്ഞു പോയി. ഏറ്റവും സങ്കടകരമായ കാര്യം ഞങ്ങളിൽ ഒരാൾ ജീവിതത്തിെ ന്റ നിവവസന്തത്തിൽ തന്നെ എല്ലാം ഉപേക്ഷിച്ച് യാത്രയായി. എന്ത് കൊണ്ടാണ് എന്ന് ഇന്നും ആർക്കുമറിയില്ല. യോഗത്തിൽ വരുമ്പോഴൊക്കെ വളരെ സന്തോഷവതിയായി മാത്രം കാണാറുണ്ടായിരുന്ന അജിത ചേച്ചി. എന്നും ഞങ്ങൾ മറക്കാതെ ഓർമ്മിക്കുന്നു. ഇപ്പോൾ 11 പേർ മാത്രം ഉള്ള ഒരു കുടുംബമായി തീർന്നിരിക്കുന്നു.

ഇനി എന്റെ ജീവിതത്തിന്റെ വെല്ലുവിളികൾ കൂടി വരുന്ന ഭർത്താവിന്റെ മദ്യപാനം. കുടുംബത്തോട് ഉത്തരവാദിത്വമില്ലായമ. ഇത് എന്നെ വളരെയേറെ സങ്കടപ്പെടുത്തികൊണ്ടിരുന്നു. മൂന്ന് കുട്ടികളുടെ വിദ്യാഭ്യാസം അവർക്ക് വേണ്ട കാര്യങ്ങൾ എല്ലാം ഒറ്റയ്ക്ക് ചെയ്യേണ്ട അവസ്ഥ. തോറ്റു കൊടുക്കാൻ മനസ്സ് വന്നില്ല. കുടുംബശ്രീയിൽ നിന്നും ലോൺ കിട്ടുകയും, കാര്യങ്ങളൊക്കെ ഒരു വിധം മുട്ടില്ലാതെ കഴിഞ്ഞു പോവുകയും ചെയ്യുന്നു. തളർന്നു പോവുന്ന സമയത്ത് ഒരു കൈത്താങ്ങ് അതാണ് എനിക്കെന്റെ കുടുംബശ്രീ. എന്റെ രണ്ടാമത്തെ കുടുംബം. അങ്ങലെ ഞാൻ കരുതുന്നു. പിന്നെ ഞാൻ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കു പോവുന്നു. ഒരു വരുമാനമില്ലാതെ വീട്ടിലെ കാര്യങ്ങൾ മാത്രം നോക്കിയിരുന്ന ഞാൻ സ്വന്തമായി ജോലി ചെയ്യുകയും, കുടുംബം നോക്കുകയും ചെയ്യുന്നു. സ്വന്തം കാലിൽ നിൽക്കാനുള്ള തന്റേടം എനിക്ക് കിട്ടിയത് കുടുംബശ്രീയിൽ നിന്നും മാത്രമാണ്. അല്ലെങ്കിൽ ഈ ജീവിതത്തിൽ നിന്നും എന്നേ ഒളിച്ചോടിപോകേണ്ട ഒരാളായി തീരുമായിരുന്നു ഞാൻ. ഇപ്പോൾ ചിന്തിക്കാറുണ്ട് ഇതിൽ അംഗമാകാതിരുന്നെങ്കിൽ എന്റെ ജീവിതം എന്താകുമായിരുന്നുവെന്ന്.

ഇപ്പോൾ യൂണിറ്റിൽ വരുമ്പോൾ ഞങ്ങൾ 11 പേരും പരസ്പരം വിശേഷങ്ങൾ ചോദിക്കുകയും, സങ്കടങ്ങൾ, സന്തോഷങ്ങൾ, ആരോഗ്യ കാര്യങ്ങൾ ,സമൂഹത്തിലെ മാറ്റങ്ങൾ, മക്കളുടെ കാര്യങ്ങൾ, കൃഷി അങ്ങനെ സമൂഹത്തിലെ എല്ലാ കാര്യങ്ങളെപ്പറ്റിയും ചർച്ച ചെയ്യുന്നു. എല്ലാ അംഗങ്ങൾക്കും മുൻപത്തേക്കാൾ മനസ്സിന് സന്തോഷം അനുഭവപ്പെടുന്നുണ്ട് എന്ന് അഭിപ്രായപ്പെടാറുണ്ട്. ഇനിയും എനിക്ക് ഒരു പാട് ദൂരം മുൻപോട്ട് പോകാനുണ്ട്. അതിനെനിക്കാശ്രയിക്കാൻ ഈയൊരു കുടുംബശ്രീ മാത്രം. ഇത് എല്ലാക്കാലവും നിലനിൽക്കണം എന്ന പ്രാർത്ഥന മാത്രം.. ഈ ജീവിതത്തിൽ എനിക്കായി എന്തെല്ലാം കരുതി വെച്ചിട്ടുണ്ട്. ഈശ്വരൻ നയിക്കുന്ന വഴിയിലൂടെ യാത്ര ചെയ്യുന്ന ഒരു ചെറിയ യാത്രക്കാരി മാത്രമായി ഞാൻ.

ആഷ ബാബു, ചക്കനാനിക്കൽ
സരസ്വതി വിലാസ് കുടുംബശ്രീ
പതിപ്പള്ളി പി.ഒ. പതിപ്പള്ളി

# വിവേകം

കുടുംബശ്രീ എന്നാൽ എന്താണെന്ന് എനിക്കറിയില്ല. ശ്രീചിത്ര എന്ന സംഘത്തിൽ ചെല്ലുമ്പോൾ എനിക്ക് അറിയാവുന്നത് സ്ത്രീകളുടെ ഉയർച്ചക്കും ഉന്നമനത്തിനും വേണ്ടിയാണ് കുടുംബശ്രീ. ചെറിയ സമ്പാദ്യം , ചെറിയ വായ്പ എടുക്കുക, അതിനപ്പുറം കുടുംബശ്രീയെ കുറിച്ച് എനിക്ക് ഒന്നും അറിയില്ല. എങ്കിൽ ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് വിസ്മയമാണ് തോന്നുന്നത്. അന്നത്തെ ശ്രീജയാണോ ഞാൻ, അറിവിന്റെ ചെറിയ തിരിനാളം എനിക്ക് തെളിയിക്കാൻ കഴിഞ്ഞു. സാമ്പത്തികമായും ആരോഗ്യപരമായും നേട്ടങ്ങൾ മാത്രമാണ് കിട്ടിയിട്ടുള്ളത്.

ഈ ചെറുതിരി എന്റെ പരിസരവാസികളിലേക്കും കഴിവതും പകർത്താൻ കഴിഞ്ഞു. 6-5-2012 ൽ ശ്രീചിത്ര എസ്.എച്ച്.ജി യുടെ സെക്രട്ടറിയായി തിരെഞ്ഞടുത്തു. 6-ാം ക്ലാസ്സ് വിദ്യാഭ്യാസമുള്ള എനിക്ക് റിപ്പോർട്ടോ കണക്കോ എഴുതുവാൻ അറിയില്ല. കിട്ടുന്ന തുക മാത്രം എഴുതി സൂക്ഷിക്കുന്ന എനിക്ക് കുടുംബശ്രീയുടെ ഒരു ക്ലാസ്സ് ടൗൺ ഹാളിൽ വെച്ച് കിട്ടി. കുടുംബശ്രീ എന്താണെന്നും എന്തിനുവേണ്ടിയാണ് എന്നും വിദ്യാഭ്യാസത്തെക്കാളും അറിവും വിവേകവും മറ്റുള്ളവരെ സഹായിക്കാനും കഴിയണം എന്നും മനസ്സിലായി. റിപ്പോർട്ട് എങ്ങനെ എഴുതണമെന്നും കണക്ക് എഴുതി സൂക്ഷിക്കുന്നതിനെ കുറിച്ചും അറിയാൻ സാധിച്ചു. ഇതാണ് കുടുംബശ്രീയിൽ ചേർന്നതിലുള്ള എന്റെ ആദ്യത്തെ അറിവ്. പിന്നീട് ഓരോ പ്രഗത്ഭരായവരുടെ ക്ലാസ്സുകളും സെമിനാറുകളിലും പങ്കെടുത്ത് ഓരോരോ അറിവുകൾ നേടി. പിന്നീട് ഒരു ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ അംഗൻവാടിയിൽ വെച്ച് 'ആരോഗ്യശുചീകരണം, മാലിന്യ നിർമാജ്ജനം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ്സ് ലഭിക്കാനിടയായി. ഞാൻ പേടിയോടെ ഒരു സത്യം മനസ്സിലാക്കി ഞാനും കുടുംബവും കോളനി നിവാസികളും രോഗം വിലക്കു വാങ്ങുകയാണെന്ന സത്യം.

അംഗനവാടിയിലെ കുട്ടികൾക്കും പരിസര നിവാസികൾക്കും എപ്പോഴും അസുഖമാണ്. വയറിളക്കം, ഛർദ്ദി, ചൊറി, ത്വക്ക് രോഗങ്ങൾ എന്നിങ്ങനെ മാറാതെ തുടരുന്ന ഈ അവസ്ഥ മാറണമെന്ന് എനിക്ക് മനസ്സിലായി. തുടർന്ന് സംഘത്തിൽ ചർച്ച ചെയ്യുകയും കുറച്ചുപേർ ഈ മാലിന്യം എവിടെ കളയണം എന്നു ചിലർ. ഈ മാലിന്യം നിർമാർജ്ജനം ചെയ്യാൻ ഞാൻ ഹെൽത്ത്

ഇൻസ്പെക്ടറുടെ ശ്രദ്ധയിൽപെടുത്തി. എന്നാൽ പ്രയോജനമില്ല എന്നറിഞ്ഞ തോടെ എ.ഡി.എസിൽ അറിയിച്ചു. നിങ്ങൾ സംഘടിച്ച് ഇതിന് മാർഗ്ഗം കാണാൻ അറിയിച്ചതിനെ തുടർന്ന് ഓരോ വീട്ടിലും വരാനിരിക്കുന്ന ഭവിഷത്തുകളെക്കുറിച്ച് പറഞ്ഞുമനസ്സിലാക്കി. കാട് വെട്ടിത്തെളിക്കുകയും മാലിന്യം നീക്കം ചെയ്യുകയും ചെയ്തു. ഒറ്റയാൾ പോരാട്ടം നടത്തിയ എനിക്ക് വിജയിക്കാൻ സാധിച്ചു. ഇപ്പോൾ കുന്തളംപാറ അംഗനവാടി പരിസരത്തുകൂടി ദുർഗ്ഗന്ധം കൂടാതെ കടന്നു പോകാൻ സാധിക്കും. ഇത് എ. ഡി. എസ് പ്രസിഡന്റും സെക്രട്ടറിയും അഭിനന്ദിച്ച കാര്യമാണ്. ഏതൊരു സ്ത്രീയെകൊണ്ടും സാധിക്കാത്തകാര്യമല്ല എന്നും സാമൂഹിക സേവനം എല്ലാവരും ഒരേ മനസ്സോടെ ചെയ്യണമെന്നും എങ്കിൽ നമ്മുടെ സമൂഹവും വളർന്നുവരുന്ന തലമുറയും രക്ഷപെടുമെന്നും വിശദമാക്കിയ ക്ലാസ്സാണ് ഈ പ്രവർത്തിയിൽ ഉറച്ചുനിന്ന് മുന്നോട്ടു പോകാൻ എന്നെ സഹായിച്ചത്. ഇതെല്ലാം എന്റെ ജീവിതത്തിലെ ഏറ്റവും നല്ല നേട്ടമാണ്.

കൗമാരക്കാരായ കുട്ടികൾ ചൂഷണത്തിന് വിധേയരാകുന്നതിനെ കുറിച്ചും അവരുടെ ജീവിതരീതികളിൽ വഴിതെറ്റിപ്പോകാതെ സൂക്ഷിക്കുന്നതിനെക്കുറിച്ചും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദമാക്കിത്തന്നു. ഇതിനെല്ലാം ഉപരിയായി വിദ്യാഭ്യാസം കൂടുതൽ ഉള്ളവരുടെ അടുത്ത് സംസാരിക്കാൻ മടിയായിരുന്നു. കുറച്ചാളുകൾ നിന്നാൽ സംസാരിക്കാൻ പേടിയായിരുന്ന എനിക്ക് ഇന്ന് ഏതൊരു സ്ഥലത്തുപോകുന്നതിനോ പേടിയോ സങ്കോചമോ ഓഫീസിൽ പോയി ഏതൊരു കാര്യം സാധിക്കാനോ മടിയോ പേടിയോ ഇല്ല.

എവിടെ ആരോടൊക്കെ മര്യാദയോടെയും അച്ചടക്കത്തോടെയും പെരുമാറണമെന്നുമാത്രല്ല, എന്റെ സഹപ്രവർത്തകരോടും പരിസരവാസികളോടും കുട്ടികളോടൊക്കയും ഇതെല്ലാം പറഞ്ഞുമനസ്സിലാക്കുന്നതിനും സാധിച്ചു. പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കുകയും ചർച്ചചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുവാനും സാധിച്ചു. എന്റെ അറിവുകൾ മറ്റുള്ളവർക്ക് പകർന്ന് നൽകുന്നതിന് ശ്രമിക്കാറുണ്ട്. യുവാക്കളുടെ ഒരു സംഘത്തിന് നിയമാവലി, റിപ്പോർട്ട്, കണക്ക്. എന്നിവയെക്കുറിച്ച് പറഞ്ഞുമനസ്സിലാക്കുകയും അവർക്ക് കണക്ക് ചിട്ടയോടെ എഴുതുന്നത് എങ്ങനെ എന്ന് കാണിച്ചുകൊടുക്കാൻ സാധിച്ചത് അഭിമാനത്തോടെ ഓർക്കുന്നു. സാമ്പത്തികമായും സാമൂഹികമായും ആരോഗ്യപരമായും വളരെ നേട്ടമാണ് എനിക്ക് കിട്ടിയത്.

എന്റെ എല്ലാ അറിവുകൾക്കും നേട്ടങ്ങൾക്കും പിന്നിൽ 14 അംഗങ്ങൾ അടങ്ങിയ ശ്രീചിത്ര എസ്.എച്ച്. ജി എന്ന കുടുംബത്തിന്റെ പ്രോത്സാഹനവും പിൻതുണയും എ. ഡി. എസ്, സി. ഡി. എസ് ത്രിതല പഞ്ചായത്തുകളുടെ ഒത്തുചേരലിൽ ആളിക്കത്തുന്ന തീ നാളത്തിൽ നിന്നും ഒരു നുറുങ്ങുവെട്ടം നേടാൻ സാധിച്ചതിൽ ഞാനും എന്റെ സംഘാംഗങ്ങൾക്കും അതിയായ സന്തോഷമുണ്ട്. ഇനിയും ഞങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

ശ്രീജ ഷാജി
ശ്രീചിത്ര എസ്. എച്ച്. ജി.
കട്ടപ്പന സി.ഡി.എസ്സ്